# ഞങ്ങൾക്കും പറയാനുണ്ട്

## സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ
## വായാട്ടുപറമ്പ്



# ഞങ്ങൾക്കും പറയാനുണ്ട്...

ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ

സെന്റ് ജോസഫ്സ്
ഹയർസെക്കന്ററി സ്കൂൾ,
വായാട്ടുപറമ്പ

ലോകത്തിന്റെ അനന്തതയിലേക്ക്
പറക്കാൻ വെമ്പൽ കൊള്ളുന്ന
കുഞ്ഞുമനസ്സുകൾക്കും,
ചിലതൊക്കെ നമ്മോടു
പറയുവാനുണ്ട്...
അവരുടെ പ്രതീക്ഷകൾ...
സ്വപ്നങ്ങൾ, ആകുലതകൾ....
അങ്ങനെ എല്ലാം.
ഒരു കൈ കൊടുത്ത്, ശക്തി
പകർന്ന് ആകാശം ചവിട്ടി കയറി,
നക്ഷത്രങ്ങളാവാൻ
കുരുന്നുകൾക്കാവട്ടെ..



**ശ്രീമതി സോഫിയ ചെറിയാൻ കെ**
ഹെഡ്മിസ്ട്രസ്,
**സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ**
**വായാട്ടുപറമ്പ്**

# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ

**ചീഫ് എഡിറ്റർ**
**ശ്രീമതി. സോഫിയ ചെറിയാൻ കെ**
(ഹെഡ്മിസ്ട്രസ്)

**സ്റ്റാഫ് എഡിറ്റർ**
**ശ്രീമതി. മിനി ജോസഫ്**
(മലയാളം അധ്യാപിക)

**സ്റ്റുഡന്റ് എഡിറ്റർ**
**കുമാരി. അദീന ജിമ്മി**
(ലിറ്റിൽകൈറ്റ്സ്)

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

**ശ്രീ. ജോമോൻ ആഗസ്റ്റി**
(കൈറ്റ് മാസ്റ്റർ)

**ശ്രീമതി. ഷൈജി ജോസഫ്**
(കൈറ്റ് മിസ്ട്രസ്)

**ശ്രീ. ബിബിൻ മാത്യു**
(ഭൗതിക ശാസ്ത്ര അധ്യാപകൻ)

**മാസ്റ്റർ. ധ്യാൻ ഡിൻസ്**
(ലിറ്റിൽകൈറ്റ്സ്)

**കുമാരി. ഗോപിക ജൈനീഷ്**
(ലിറ്റിൽകൈറ്റ്സ്)

**മാസ്റ്റർ. ഷാരോൺ ഷിബിൻ**
(ലിറ്റിൽകൈറ്റ്സ്)

# താളുകളിലൂടെ.....


| | |
|---|---|
| ദൈവം | 7 |
| അന്ധരാണ് നാം | 8 |
| ദാരിദ്രത്തിന്റെ മാറിൽ | 9 |
| ഒരു ജീവിത കഥ! | 10 |
| എന്റെ കൂട്ടുകാരൻ | 12 |
| ഹൃദയ താളം | 13 |
| ആ മരണം സുന്ദരമായിരുന്നു..... | 14 |
| അദ്ധ്യാപകൻ.... | 15 |
| പ്രകൃതി സൗന്ദര്യം | 16 |
| ഓർമയിലെ ഭൂമി | 17 |
| കാട്ടുപക്ഷിതൻ പാട്ട് | 17 |
| വിദ്യാലയ ജീവിതം | 18 |
| അമ്മ | 18 |
| മിടുക്കനായ ലിമ | 19 |
| പ്രകൃതി | 20 |
| ഓർമ്മപ്പെടുത്തൽ | 20 |
| പ്രകൃതിയുടെ സുന്ദരമുഖങ്ങൾ | 21 |
| പ്രകൃതിഭംഗി | 22 |
| ജീവതാളം | 23 |
| ഒരോ ജന്മവും | 24 |
| എന്റെ പ്രഭാതം | 25 |
| കേരളം | 25 |
| ശ്രീനന്ദനം | 26 |
| പൂമൊട്ട് | 26 |
| കാലം....! | 27 |
| മഴക്കാലം | 27 |
| അമ്മ | 28 |
| അന്നും ഇന്നും | 29 |
| ഓർമ്മകൾ | 30 |
| ഗുരുശിഷ്യബന്ധത്തിലെ സ്നേഹമുദ്ര | 30 |


| | |
|---|---|
| കാറ്റ് | 31 |
| പുലർകാഴ്ച | 32 |
| കരുണയുള്ള സ്ത്രീ | 32 |
| സന്തോഷത്തിന്റെ മുറിവുകൾ | 33 |
| കൊറോണ കാലം | 33 |
| ഇത് അവളുടെ ജീവിതം | 34 |
| സംരക്ഷിക്കാം പ്രകൃതിയെ | 36 |
| അച്ഛൻ | 37 |
| മലയാള ഭാഷ | 37 |
| അവൾ | 38 |
| നിർമിത ബുദ്ധി | 39 |
| രാജകുമാരനും മായക്കുതിരയും | 40 |
| ഉത്തമ പുരുഷൻ | 41 |
| ആധുനിക ലോകം | 42 |
| കമ്പ്യൂട്ടറിന്റെ ചരിത്രം | 42 |
| മരം | 43 |
| അമ്മ | 43 |
| ആനയും അണ്ണാനും | 44 |

# ദൈവം

ദിയ റോസ് ജേക്കബ്

ഒരു കുട്ടി ദൈവത്തെ അന്വേഷിക്കുകയാണ്. വെറുതെ ഒന്നും അല്ല തന്റെ അമ്മ മാരകമായ അസുഖം പിടിപെട്ട് ആസന്നമരണയായി കിടക്കുകയാണ്. ഡോക്ടർ പറഞ്ഞത് ഇനി ദൈവത്തിന് മാത്രമേ രക്ഷിക്കാൻ കഴിയൂ എന്നാണ്. അന്ന് മുതൽ അവൻ അന്വേഷിച്ച് ഇറങ്ങിയതാണ്. പക്ഷേ എല്ലാവരും അവനെ ആട്ടിയോടിച്ചു. എന്നിട്ടും അവൻ തളർന്നില്ല.

.



അപ്പോഴാണ് അവൻ ഒരു വലിയ കട കണ്ടത്. ദൈവം ഇവിടെ ഉണ്ടാകും എന്ന് അവൻ കരുതി. അവൻ അവിടെ ചെന്ന് ചോദിച്ചു " ഇവിടെ ദൈവം ഉണ്ടോ? " അവിടെ ഒരു വൃദ്ധനായ വ്യാപാരി ഉണ്ടായിരുന്നു അയാൾ ചോദിച്ചു: "എന്തിനാണ് "? "എന്റെ അമ്മയ്ക്ക് രോഗം സുഖമാക്കണമെങ്കിൽ ദൈവം വേണം എന്നാണ് ഡോക്ടർ പറഞ്ഞത് " അയാൾ ഒന്ന് ആലോചിച്ചു നിന്നു എന്നിട്ട് പറഞ്ഞു " "ഉണ്ട് " അയാൾ ഒരു കുപ്പി തേൻ എടുത്തു കൊണ്ട് വന്നിട്ട് പറഞ്ഞു "ഇത് നിന്റെ അമ്മയ്ക്ക് കൊടുക്കണം ഇതാണ് ദൈവം " അവൻ സന്തോഷത്തോടുകൂടി പോയി. പിറ്റേന്ന് ആ ഹോസ്പിറ്റിലിൽ ഒരു സർജറി നടന്നു. അത് അവന്റെ അമ്മയുടേത് ആയിരുന്നു.

രോഗം സുഖമായപ്പോൾ അവന്റെ അമ്മ വന്ന് തന്റെ ഓപ്പറേഷന്റെ ബിൽ വാങ്ങി. അത് കണ്ടപ്പോൾ അവൾ സ്തംഭിച്ചു പോയി കാരണം തന്റെ ജീവിതകാലം മുഴുവൻ അധ്വാനിച്ചാലും ആ കാശ് ആ അമ്മയ്ക്ക് കൊടുക്കാൻ കഴിയില്ലായിരുന്നു. അപ്പോൾ കൗണ്ടറിൽ നിന്ന് വിളിച്ച് പറഞ്ഞു. അ ബിൽ പേയ്ഡ് ആണ്. അമ്മയ്ക്ക് കാര്യം മനസ്സിലായില്ല. അവർ തന്റെ മകനോട് കാര്യം ചോദിച്ചു. അപ്പോൾ അവൻ വൃദ്ധനായ വ്യാപാരിയെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ ആ വ്യാപാരി നഗരത്തിലെ വലിയ കോടീശ്വരനായിരുന്നു.

ദൈവം എന്നത് കടയിൽ നിന്ന് വാങ്ങാൻ കിട്ടുന്നതല്ല. മറിച്ച് നിരാലംബർക്ക് നാം സഹായം ചെയ്യുമ്പോൾ നമ്മൾ അവർക്ക് ദൈവമായി മാറുകയാണ്. അതിന് നമുക്ക് സ്നേഹിക്കാനുള്ള മനസ്സുണ്ടായാൽ മതി ....

# അന്ധരാണ് നാം

ക്രിസ്റ്റോ മാർട്ടിൻ

അന്ധരായ സമൂഹമെ നിങ്ങൾക്കു നാശം
നിസ്സഹായന്റെ നിലവിളി ശ്രവിക്കുവാൻ ആരുണ്ട്
അന്ധരായ നമുക്കിനി പ്രകാശമില്ല ,
സത്യമില്ല നീതിയെന്തെന്ന് നാം അറിയുന്നില്ല
നിസ്സഹായനായ ഒരന്ധനാവുകയാണ് നാമെല്ലാവരും
അന്ധരായ നാമെല്ലാർക്കും പ്രകാശം നൽകുവാനാരുണ്ട്
നീതി നടപ്പാക്കുവാനാരുണ്ട്.

അന്ധകാരം അടക്കിവാഴുന്ന ഈ ലോകത്തെ രക്ഷിക്കുവാനാരുണ്ട്
നാമെല്ലാവരിലുമുള്ള അന്ധകാരമാണ്
നമ്മെ അന്ധരാക്കുന്നത് എന്നല്ല സത്യം
തിന്മ വാഴുമ്പോൾ കാഴ്ചക്കാരായി നിൽക്കുവാനെ നമുക്ക് സാധിക്കു
ഇതാണ് നമ്മെ ശരിക്കും അന്ധരാക്കുന്നത്.
തുറക്കുവിൻ  നമ്മുടെ കണ്ണുകളെ
അന്ധരല്ല നാമെല്ലാവരും എന്ന് തെളിയിക്കുവിൻ എൻ പ്രിയ കൂട്ടരെ
അന്ധരല്ല നാം എന്ന് തെളിയിക്കുവിൻ പ്രിയ കൂട്ടരെ..

# ദാരിദ്രത്തിന്റെ മാറിൽ

ശ്രീനന്ദന

ഒരു വിജനമായ നഗരത്തിൽ മിന്നു എന്നൊരു പെൺകുട്ടി താമസിച്ചിരുന്നു.അവൾക്കൊരു കുഞ്ഞനുജൻ ഉണ്ടായിരുന്നു.ഒരു കൊച്ചു വീട്ടിൽതാമസിച്ചിരുന്ന അവർക്ക് അച്ഛനോ അമ്മയോ ആരുമില്ലായിരുന്നു.നല്ലപോലെ പഠിക്കാൻ കഴിവുള്ള അവർക്ക് അതിനുള്ള സാഹചര്യങ്ങൾ ഒത്തു കിട്ടിയിരുന്നില്ല.12 വയസ്സുകാരിയായിരുന്ന അവൾക്ക് അനുജനെ സംരക്ഷിക്കാൻ വേണ്ടി അവൾ അധ്വാനിക്കാൻ തുടങ്ങി.അധ്വാനിച്ചുണ്ടാക്കുന്ന പൈസ വെച്ച് അവൾ അനുജനെ തീറ്റിപ്പോറ്റുന്നതോടൊപ്പം അവൾ തൻ്റെ പഠനത്തിനു വേണ്ടി പൈസ കുറച്ചു മാറ്റിവെച്ചു തുടങ്ങി.ആ പൈസ വെച്ച് പുസ്തകങ്ങൾ വാങ്ങി അവൾ ദാരിദ്ര്യത്തിന്റെ മറവിൽ ഇരുന്ന് പഠിച്ചു.അതോടൊപ്പം അവൾ അനുജന്റെ കാര്യങ്ങളും നോക്കി.തൻ്റെ സ്വന്തം ചേച്ചി കഷ്ടപ്പെടുന്നത് കണ്ട് അവൻ ചേച്ചിയെ സഹായിക്കാൻ തീരുമാനിച്ചു.തൻ്റെ ചേച്ചി അറിയാതെ അവൻ പണിക്ക് പോയിരുന്നു.വർഷങ്ങൾ കടന്നു അവൾ പഠിച്ചു പരീക്ഷ എഴുതി ഒരു നല്ല ജോലി നേടാൻ ആഗ്രഹിച്ചു.അധ്വാനിക്കുന്നതോടൊപ്പം അവൾ നല്ലപോലെ പഠിക്കാനും പരിശ്രമിച്ചുകൊണ്ടിരുന്നു.ഒരിക്കൽ അവൾ ഒരു വലിയ കമ്പനിയിലേക്കുള്ള പരീക്ഷ നടക്കുന്നു എന്ന് അറിഞ്ഞു.അതിനുവേണ്ടി അവൾ നന്നായി പരിശ്രമിച്ചു. അവൾ അറിയാതെ തന്നെ അതിനിടയിൽ ആ 10 വയസ്സുകാരനായിരുന്ന അനുജൻ പണിയെടുക്കുന്നുണ്ടായിരുന്നു.അങ്ങനെ പരീക്ഷാ ദിവസം അടുത്തു വന്നു.അങ്ങനെ അവൾ വളരെയേറെ ആഗ്രഹിച്ച പരീക്ഷ എഴുതി.തിരിച്ചു വരുന്ന വഴി അവൾ ഒരു സങ്കടകരമായ കാഴ്ച കണ്ടു.പെട്ടെന്ന് സ്തംഭിച്ചു പോയി.അവൾ തൻറെ അനുജൻ കഷ്ടപ്പെടുന്നത് കണ്ട് വിഷമിച്ച് അവനെയും കൂട്ടി വീട്ടിലേക്ക് മടങ്ങി.അവന് ഒരു സ്കൂളിൽ അയക്കണമെന്ന് അവൾ അതിയായി ആഗ്രഹിച്ചു.കുറച്ചുദിവസം കഴിഞ്ഞപ്പോൾ അവൾക്ക് ഒരു കത്ത് ലഭിച്ചു.കത്തിൽ ഉണ്ടായിരുന്നത് അവൾക്ക് കമ്പനിയിൽ ജോലി കിട്ടി എന്നതായിരുന്നു.തന്റെ ആദ്യ ശമ്പളം കൊണ്ട് അവൾ തൻ്റെ അനുജനെ ഒരു സ്കൂളിൽ ചേർത്തു.അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചു......

# ഒരു ജീവിത കഥ!

അലീന ജസ്റ്റീഷ്യ വർഗ്ഗീസ്

ഒരു പെൺകുട്ടിയുടെ ഏറ്റവും വലിയ സ്വാർത്ഥതയാണ് തനിക്ക് എന്തിനും കൂടെ ചേർത്ത് പിടിക്കാൻ അവരുടെ മാതാപിതാക്കൾ ഉണ്ടെന്ന്. എന്നാൽ മാതാപിതാക്കൾ ചെറിയ ചെറിയ കാര്യങ്ങളിൽ കലഹിക്കുകയും ബന്ധം വേർപിരികയും ചെയ്യുമ്പോൾ ആ കുട്ടിയിൽ ഉണ്ടാകുന്ന മനോവേദന വളരെ വലുതാണ്. ഇത്തരത്തിലുള്ള ഒരു പെൺകുട്ടിയുടെ ജീവിത കഥയാണിത്. അനശ്വര എന്നാണ് ആ പെൺകുട്ടിയുടെ പേര് അവൾക്ക് ഒരു കൊച്ചനുജത്തി ഉണ്ടായിരുന്നു. സാറ. അവരുടെ മാതാപിതാക്കൾ ചെറിയ ചെറിയ കാര്യങ്ങൾക്ക് വരെ വീട്ടിൽ കലഹിക്കുമായിരുന്നു. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന അനശ്വരയുടെ മനസ്സ് നീറിക്കൊണ്ടിരുന്നു. ഓരോ ദിവസം കഴിയുംതോറും വീട്ടിലെ അവസ്ഥ വളരെ ദയനീയമായി തീർന്നു അവസാനം അവർ വേർപിരിയുന്നതിനെക്കുറിച്ച് ആലോചിച്ചു തുടങ്ങി. അനശ്വരയുടെ കുഞ്ഞ് അനിയത്തിയായ സാറയ്ക്ക് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല കാരണം രണ്ടു വയസ്സു മാത്രമേ സാറയ്ക്ക് ഉള്ളൂ. തന്റെ അനിയത്തിയെ ഒരുപാട് ഇഷ്ടമായിരുന്നു അനശ്വരയ്ക്ക്. അങ്ങനെ ഒരു ദിവസം അവർ വക്കീലിന്റെ അടുത്ത് ചെന്ന് ബന്ധം വേർപിരിയണമെന്ന് പറഞ്ഞു ആദ്യം ഒരുതവണ രണ്ടു പേരെയും സമാധാനത്തിൽ ഒത്തുതീർപ്പാക്കി വിട്ടയച്ചു എങ്കിലും കുറച്ച് ദിവസങ്ങൾക്ക് ശേഷം വീണ്ടും പഴയ അവസ്ഥയുമായി അവരുടെ കലഹം മൂലം തന്റെ കുട്ടികളെ ശ്രദ്ധിക്കുവാൻ പോലുംസമയമില്ലായിരുന്നു അങ്ങനെ വീണ്ടും അവർ വേർപിരിയുന്നതിനായി വക്കീലിന്റെ അടുക്കൽ ചെന്നു . വേർപിരിയുന്നതിനായി അപേക്ഷ എഴുതി കൊടുത്തു അങ്ങനെ കോടതിയിൽ എത്തി എന്നാൽ വീണ്ടും ഒരു കാര്യത്തിൽ തർക്കം ഉണ്ടായി കുട്ടികൾ ആരുടെ കൂടെ പോകും എന്നായിരുന്നു നിയമപ്രകാരം പെൺകുട്ടികൾ അമ്മയുടെ കൂടെയാണ് പോകേണ്ടത് എന്നാൽ രണ്ടുപേരുടെ തർക്കം കാരണം അനശ്വരയോടെ ചോദിച്ചു ആരുടെ കൂടെയാണ് പോകേണ്ടത് എന്ന്,എന്നാൽ അവൾക്ക് രണ്ടുപേരെയും ഒരുപോലെ ഇഷ്ടമുള്ളത് കാരണം അവൾ രണ്ടുപേരെയും വേണം എന്ന് പറഞ്ഞു. എന്നാൽ അത് സാധിക്കാത്തതുകൊണ്ട് സാറയെ അച്ഛൻറെ കൂടെയും അനശ്വരയും അമ്മയുടെ കൂടെയും വിട്ടയച്ചു. എന്നാൽ അനശ്വരയുടെ മനസ്സ് പിടഞ്ഞു കൊണ്ടിരുന്നു കാരണം താൻ ജീവനുതുല്യം സ്നേഹിച്ച സാറയും എങ്ങനെയോ അവളിൽ നിന്ന് അകന്നു പോയി അച്ഛനോടും അമ്മയോടും പലവട്ടം പറഞ്ഞു കരഞ്ഞെങ്കിലും കാര്യമൊന്നും ഉണ്ടായിരുന്നില്ല. സാറയും ചേച്ചിയെ കാണണമെന്ന് പറഞ്ഞ് കരയാൻ തുടങ്ങി ഒടുവിൽ സഹികെട്ട് അവർ ഇവരെ എല്ലാദിവസവും തമ്മിൽ കാണിക്കാൻ തുടങ്ങി. ഒരു ദിവസം രണ്ടു പേരുടെയും അമ്മമാർ ഇവരെ വിളിച്ചു എന്നിട്ട് ആ കുട്ടികളിൽ ഉണ്ടാകുന്ന വികാരവും മനോവേദനയും എല്ലാം പറഞ്ഞു മനസ്സിലാക്കി കൊടുത്തു. അങ്ങനെ അവർ ഒത്തിരി നേരത്തെ ആലോചനക്ക് ശേഷം അവർ തങ്ങളുടെ കുട്ടികൾക്ക് വേണ്ടി ജീവിക്കാൻ തീരുമാനിച്ചു. അങ്ങനെ അനശ്വരയുടെ അച്ഛൻ സാറയെ കൂട്ടിക്കൊണ്ട് അവളുടെ അടുക്കൽ ചെന്നു. അത് കണ്ടതും അനശ്വരയുടെ മനസ്സ് സന്തോഷികൊണ്ട് തുള്ളിച്ചാടി . അവൾ ഓടിച്ചെന്ന് സാറയെ കെട്ടിപ്പിടിച്ചുകൊണ്ട് കരഞ്ഞു. പിന്നീട് അവിടെ ചെറിയ ഇണക്കങ്ങളും പിണക്കങ്ങളും ഉണ്ടായെങ്കിലും പണ്ടത്തെപ്പോലെ വഴക്കുകൾ ഒന്നും ഉണ്ടായില്ല. പിന്നീട് ആ കുടുംബം സമാധാനത്തിൽ നീങ്ങി.

## മണ്ണും മനുഷ്യനും

**അൽക്ക സജി**

കാലങ്ങൾ പോകുന്നത് പോലെയാണ് മണ്ണിന്റെ ജീവിതം പ്രകൃതിയെ മനുഷ്യൻ നശിപ്പിക്കുകയാണ്. മനുഷ്യൻ മരങ്ങളെ വെട്ടി കളഞ്ഞതോടെ  അവിടെ മണ്ണ നികത്തി അവിടെ റബ്ബർ വെച്ച് അത് മഴ പെയ്യുന്നതോടെ ആ മണ്ണ് ഒലിച്ചുപോയി റബ്ബർ നശിച്ചു അത്രയും നാളും ആ മരങ്ങൾ ഉള്ളപ്പോൾ തണൽ ഉണ്ടായിരുന്നു. ഇപ്പോൾ ചൂട് മാത്രം ഉള്ളു മണ്ണിനെ നശിപ്പിച്ചു കളയുകയാണ് മനുഷ്യൻ ചെയ്യുന്നത്. മരങ്ങൾ വെട്ടിക്കളഞ്ഞ് അവിടെ  വീടും കടകളും വയ്ക്കുകയാണ് മനുഷ്യൻ. ആ മരങ്ങൾ ഉണ്ടായിരുന്നപ്പോൾ തണുപ്പ് ഉണ്ടായിരുന്നു അത് വെട്ടി കളഞ്ഞപ്പോൾ ചൂടും മാത്രമേ ഉള്ളൂ.

## ജീവിതത്തിന്റെ തുടിപ്പ്

**എയിഞ്ചൽ റോസ് റോബിൻ**

ജീവന്റെ തുടിപ്പ് നിലനിന്ന് കൊണ്ടിരുന്ന മണ്ണും, മരങ്ങളും ഇപ്പോൾ കാണാതാവുകയാണ്. തലമുറകൾ മാറുംതോറും പ്രകൃതിയുടെ ലോകമേ മാറി പോവുകയാണ് . മനുഷ്യൻറെ ദുഷ്ടത കാരണം ഓരോ ദിവസം കഴിയുംതോറും പ്രകൃതിയിലെ ഓരോരോ സാധനങ്ങൾ നശിക്കുന്നു. ഓരോ പുൽക്കൊടിയും  നശിക്കുന്നതല്ലാതെ മുളയ്ക്കുന്നില്ല. കുന്നുകൾ ഇടിച്ച് നിരത്തുന്നു. ജലം ഉണ്ടാകുന്ന ഓരോ ഉറവുകളും ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇനി എത്ര നമ്മുടെ ഭൂമിയിൽ മനുഷ്യരും, ജീവജാലങ്ങളും ഉണ്ടാകുമെന്ന് ഒരു ഉറപ്പുമില്ല.

# എന്റെ കൂട്ടുകാരൻ

അഖില ബാലൻ കെ

പാട്ടുവാൻ മറന്ന പാട്ടുകൾ
ആദ്യമായി കണ്ടനാൾ
ആയിരം
പുഷ്പങ്ങളെന്നേക്കു മാത്രമായി
മാറ്റിവച്ചു.......
പാടുന്ന പാട്ടുകൾക്കീണം  പകർന്നിടും
പ്രാണനായി എന്നുമെൻ കൂട്ടുകാരൻ
അണയാത്ത തിരിനാളം കെടുത്തിക്കളയുവാൻ
തെന്നലായ് വന്നൊന്നു
മുത്തമേകി......
എൻ പ്രാണന്റെ പ്രാണൻ കൊത്തി
കവർന്നു നീ പോയിമറഞ്ഞോ
പൊന്നു കൂട്ടുകാരാ.......
നീ വരും നേരമെൻ നെഞ്ചിലെ
പൂമരം പൂത്തു നിൽക്കും
തളരാത്ത ഓർമ്മകൾ പൂത്തുലഞ്ഞീടുമ്പോൾ
ശബ്ദമായി വന്നോന്നു തേൻ നുകർന്നു
പൂത്തുലഞ്ഞീടുന്ന പൂമരച്ചില്ലയിൽ
പാട്ടുകൾ പാടുന്ന കിളികൾ നമ്മൾ......
ജീവിതകമെന്തന്നറി ഞ്ഞുകൂടാ ഇന്ന്
പ്രണയമിന്നെന്തെന്നറിഞ്ഞുകൂടാ
ജീവന്റെ ജീവനാം കൂട്ടുകാരാ.....
സ്നേഹത്തിൽ സ്നേഹവും
വിരഹത്തിൽ ദുഃഖവും
പങ്കിട്ടെടുക്കുമെൻ കൂട്ടുകാരാ..........



# ഹൃദയ താളം

മാളവിക പി. ബി

വാടിക്കൊഴിഞ്ഞൊരാ
പൂമൊട്ട് പോലെന്റെ
പോയകാലം.....
പോയിപോയ കാലങ്ങളോർത്തു
നിന്നു തീ കനൽ
പോലെയാ ജീവിതങ്ങൾ
വിരഹമായി ഹൃദയങ്ങളടരുന്ന നേരം
പൂങ്കാവനത്തിൽ നിന്നോർമ മാത്രം......
അന്നെന്റെ ഹൃദയങ്ങൾ
ആളിക്കവർന്നൊരു പൂവാണ് നീ.......
കാണാമറയത്ത് പ്രാണനെ
തേടുന്ന കിളികളായി നമ്മൾ തുടിച്ചിടുന്നു....
പലനാളിലൊരു ജന്മം
നിനക്കായി വച്ചൊരു
വാടിക്കൊഴിഞ്ഞൊരാ
പൂവാണ് ഞാൻ.......
സ്വപ്നങ്ങളെന്നൊരു
ചിന്തകളെൻ
മടിയിലായി നീയൊന്നു
വച്ചു തന്നു.......
കാണാമറയത്തെ
സൂര്യനെ ചൂണ്ടി
അമ്പിളിയാണെന്ന്
പറഞ്ഞ കാലം......
കാലം വിധിച്ചൊരു
പൂമൊട്ട് നീയായിരിക്കണം
എന്നൊരു ചിന്ത മാത്രം.......
ആഴത്തിൽ ചെന്നൊരു
അമ്പിൻ മുനയെന്റെ
ഹൃദയത്തിലൊന്ന്
തുളച്ചിറങ്ങി.......
പ്രാണനെ പോകയോ പ്രാണനെ പോകയോ
പൂമൊട്ട് പോലൊരാ കൂട്ടുകാരാ.....



# ആ മരണം സുന്ദരമായിരുന്നു.....

ഫിദൽ നൗഷാദ്

അവൾക്ക് തോന്നി ഇന്ന് ഒരു നല്ല ദിവസമായിരുന്നു. അവൾ കഴിഞ്ഞ കാലങ്ങളെക്കുറിച്ച് ഓർത്തു......

എല്ലാം പെട്ടന്നായിരുന്നു, അമ്മാവന്റെ ഇളയമകന്റെ കല്ല്യാണം എത്രയും പെട്ടെന്ന് പോകണം. ഇല്ലെങ്കിൽ വൈകിയെന്ന് പറഞ്ഞ് പരിഭവിക്കും പിന്നെ മുഴുവൻ തലകുനിച്ച് നിർത്തിക്കാൻ അതുമതി.

നേരത്തെ എഴുന്നേറ്റ് നാസ്ത പേരിനുണ്ടാക്കി, അദ്ദേഹമെഴുന്നേറ്റ് പ്രഭാത കർമ്മങ്ങളൊക്കെ കഴിഞ്ഞപ്പോൾ പേരിന് ആ ഭക്ഷണവും കഴിച്ച് കല്യാണത്തിന് പോകാൻ തയ്യാറാകുമ്പോൾ ആത്മഗതം പോലെ അയാൾ "എന്തോ ഒരു സുഖമില്ല" കേട്ടപാതി അവൾ പറഞ്ഞു " അത് ശെരിയാ..... നമ്മളെക്കാളും താഴെയുണ്ടായ നാത്തൂന്റെയും മോന്റെയും ആർഭാടപരമായ അണിയറ ഒരുക്കങ്ങൾ കേട്ടപ്പോൾ തന്നെ നിങ്ങൾ നെടുവീർപ്പിടുന്നത് ഞാൻ കണ്ടിന്". അവള് പരിഹസിച്ചതിന്റെ അമർഷത്തിലെന്നോണം പറഞ്ഞു "എന്തെ...? രണ്ട് മാലയെ ഇടുന്നുള്ളൂ... ആ രണ്ട് കൈയ്യിലും അരക്കിലോ പൊന്ന് കൂടി ഇട്". അവൾ പിന്നെയൊന്നും പറഞ്ഞില്ല, പറഞ്ഞാൽ അതുമതി ഇന്ന് മുഴുവൻ മുഖം വീർപ്പിക്കാൻ. കാറിൽ കയറിയപ്പോൾ ഭയങ്കരചൂട് തോന്നിയ അവൾ എസിയുടെ റെഗുലേറ്റർ പിടിച്ച് തിരിക്കുന്നതിനിടയിൽ പറഞ്ഞു "ഇതൊന്ന് ഇട്ടൂടെ....?" "നീയ്യ് അത് തിരിച്ച് പൊളിച്ച് എടുക്ക്വോ...? അത് കേടാന്ന് ശരിയാക്കാൻ നാളെ വർക്ക് ഷോപ്പിൽ കൊണ്ട് പോകണം" എന്നാൽ അവളുടെ വേവലാതി അതായിരുന്നില്ല. കല്യാണ വീട്ടിൽ നിന്നും നിക്കാഹിന് പോകുമ്പോൾ ഈ കാറ് എടുക്കാതിരുന്നാൽ മതിയായിരുന്നു. അല്ലേൽ എല്ലാരും അറിയൂലെ ഇത്രയും പൈസയുടെ വണ്ടിക്ക് എസി ഇല്ലാന്ന്. ഇതിനിടയിലും അയാളുടെ അസ്വസ്ഥത അവൾ ശ്രദ്ധിച്ചിരുന്നു.

കല്യാണ വീട്ടിനടുത്ത് എത്തിയപ്പോൾ അവൾ തന്റെ സൗന്ദര്യം കാറിന്റെ കണ്ണാടിയിൽ ഒന്നും കൂടി നോക്കി. നാലെണ്ണത്തിനെ പെറ്റിട്ടും ഇത്രയും വയസ്സായിട്ടും ഇന്നുവരെ ചുറുചുറുക്കിന് ഒരു കുറവും വരുത്തിയിട്ടില്ല. പുറത്തിറങ്ങി സാരി ശരിയാക്കുന്നതിനിടയിൽ അയാൾ ദേഷ്യപ്പെട്ടു. ഒന്ന് ബെരുന്നിണ്ടാ നീ...... കാറിന്റെ ഡോറും വലിച്ചടച്ച് അയാൾ അവളെയുംകൂട്ടി കല്യാണ വീട്ടിലേക്ക് നടന്നു. അടുത്തെത്തിയപ്പോഴെ കല്യാണ വീട്ടിലെ ഉച്ചത്തിലുള്ള പാട്ടും ഭഹളവും കേൾക്കാമായിരുന്നു. അവൾ പിൻഭാഗത്ത് കൂടിയും അയാൾ മുൻഭാഗത്ത് കൂടിയും അകത്തേക്ക് കയറി. കുറച്ച് കഴിഞ്ഞപ്പോഴേക്കും ആളുകൾ പരിഭ്രാന്തരാകുന്നതും അങ്ങോട്ടും ഇങ്ങോട്ടും പരക്കം പായുന്നതും അവൾ കണ്ടു. അതിനിടയിൽ ഒരാൾ വന്ന് അദ്ദേഹം തലകറങ്ങി വീണിട്ടുണ്ട് എന്ന് പറഞ്ഞ് അവളെ വിളിച്ച് കൊണ്ട് പോയി..... ആശുപത്രിയിൽ എത്തിയപ്പോൾ അവൾക്ക് കാര്യങ്ങൾ മനസ്സിലായി. ബ്ലോക്ക് ഉണ്ടായിരുന്നത്രെ!!!! കൂടാതെ ഷുഗർ, പ്രഷർ അങ്ങിനെ കുറെ ആർഭാടത്തിന്റെ അസുഖം. ഇല്ലാത്തത് ഒന്നുമില്ല എന്ന് വേണം പറയാൻ. പക്ഷെ ഒന്നും അയാൾ അവളോട് പറഞ്ഞിരുന്നില്ല. ചായം പൂശിയ അവളുടെ കവിളിലൂടെ കണ്ണുനീർ തുള്ളികൾ ചാലിട്ടൊഴുകി. അയാളെ വിവാഹം ചെയ്യുതിന് ശേഷമുള്ള രണ്ടാമത്തെ കരച്ചിൽ. ആദ്യത്തേത് ആദ്യപ്രസവത്തിലായിരുന്നു... അതിനിടയിൽ ബന്ധു പറഞ്ഞു "കുട്ടികളെ അറിയിക്കണ്ടെ..?" അവൾ തന്റെ പുതിയ മോഡൽ ഐ ഫോൺ എടുത്ത് മക്കളെ വിളിച്ചു........

മൂത്ത രണ്ട് ആണ്മക്കൾ ഒരുമിച്ച് ദുബായിൽ കച്ചോടമാണ്. കച്ചോടം എന്ന് പറയാൻ പറ്റൂലാ... മാൾ!!!!!..... രണ്ടാൾക്കും രണ്ട് കുട്ടികൾ വീതവും. മൂന്നാമത്തെ പെണ്ണ്. അവൾ നേഴ്സാണ് കല്യാണവും കഴിഞ്ഞ് സകുടുംബം സൗദിയിൽ. നാലാമത്തേത് അമേരിക്കയിൽ. അദ്ദേഹത്തിന്റെ മരണവിവരം അറിഞ്ഞ മക്കൾ മനസില്ലാ മനസ്സോടെ വന്ന് മൂന്നാം നാൾ കണ്ണോക്കും (മരണാനന്തര ചടങ്ങ്) കഴിഞ്ഞ് വന്ന വഴിയെ മടങ്ങി. മരിച്ച് കിടക്കുന്ന അദ്ദേഹത്തെ കാണാൻ നിരവധിയാളുകളാണ് വന്നത്. ജീവിച്ചിരിക്കെ അദ്ദേഹത്തെ പ്രാകിയവരും വിദ്വേഷ വാക്കുകൾ കൊണ്ട് വേദനിപ്പിച്ചവരും ഒരേ സ്വരത്തിൽ പറഞ്ഞു "നല്ല മന്സന്യാർന്നു..." അദ്ദേഹത്തെ പള്ളിക്കാട്ടിലെത്തിച്ച് എല്ലാവരും മടങ്ങി. പിന്നെ ആ മൂന്ന് നില വീട്ടിൽ അവളും ഒരു പണിക്കാരിത്തിയും മാത്രം

കാലം മുന്നോട്ട് നീങ്ങി. ഇന്നേക്ക് അദ്ദേഹം മരിച്ചിട്ട് നാലാം വർഷം. ആണ്ട്

ഗംഭീരമാക്കണം, അദ്ദേഹത്തിന്റെ സ്വർഗ്ഗം ഉറപ്പിക്കാൻ എല്ലാ തിരക്കുകളും മാറ്റിവെച്ച് മക്കൾ കുടുംബസമേതം വന്നു. ഇന്ന് മാത്രമല്ല, മുൻ വർഷങ്ങളിലും മറക്കാതെ അവർ വന്നിരുന്നു. ആണ്ട് പ്രാർത്ഥന കഴിഞ്ഞാൽ പിന്നെ സർക്കീട്ടാണ്. എല്ലാം മറന്ന് രണ്ട് മൂന്ന് ദിവസം അവരുടെ കൂടെ കറക്കമാണ്. പിന്നെ വീണ്ടും ആ മാളികയിൽ അവൾ തനിച്ച്......

ഇപ്രാവിശ്യവും പതിവ് തെറ്റിച്ചില്ല, ആണ്ട് നേർച്ചയും പ്രത്യേക പ്രാർത്ഥനയും കഴിഞ്ഞ് മക്കളും പേരമക്കളും ഒന്നിച്ച് മൂന്നാറിലേക്കാണ് യാത്ര. മൂന്നാറിലെ മരം കോച്ചുന്ന തണുപ്പും നെരിപ്പോടിലെ ഇളം ചൂടും ആസ്വദിച്ച് കിടക്കുന്നതിനിടയിൽ അവൾ ചിന്തിച്ചു.... നല്ല ദിവസം.... അദ്ദേഹം മരിച്ചില്ലെങ്കിലിൽ ഇന്നും ഇവർ വരില്ലായിരുന്നു.... അദ്ദേഹം മരിച്ചത് നന്നായി. മക്കളെയും കൊച്ചുമക്കളെയും കാണാലോ.. അദ്ദേഹത്തിന്റെ മയ്യത്തെടുക്കുമ്പോൾ "എന്നെ കൂടി കൊണ്ട് പോകൂ" എന്ന് അലമുറയിട്ട ആളാണ് ഇപ്പോൾ മരിച്ചത് നന്നായി എന്ന് പറയുന്നത്. അങ്ങിനെ....... ആ മരണവും സുന്ദരമായി........... ശുഭം.

# അദ്ധ്യാപകൻ....

അനന്തു കൃഷ്ണ

അറിവിന്റെ നറുമുത്തു നെറുകയിൽ
പതിപ്പിച്ച തിരിനാളമാണെന്റെ
അദ്ധ്യാപകൻ....തളരുന്ന വിദ്യകൾ ഊതി പറപ്പിച്ച
സ്വർഗ്ഗമാണിന്നെന്റെ അദ്ധ്യാപകൻ
തോൽവിക്കുമധികമായ് ധൈര്യം
തരുന്നൊരു തിരിനാളമായങ്ങു മാറിടുന്നു....

മാതാപിതാക്കളുടെ സ്വപ്നത്താലോരോരോ
പടികളായി വച്ചന്റെ അദ്ധ്യാപകൻ
പലനാളിലൊരുവിദ്യ കാട്ടിയനാളെന്റെ
ദൈവമായി മാറിക്കഴിഞ്ഞിടുന്നു.
ഗുരുവിന്റെ ഹൃദയത്തിൽ മൊട്ടിട്ടു
നിൽക്കുന്ന വാക മരത്തിൽ
ഒരു നൂറു പുഷ്പമായ് വിരിയുന്നു ഞാൻ .....

അമ്മയുടെ സ്വപ്നങ്ങൾ
ഓരോ തിരികളായ്
കൊളുത്തി തരുമെന്റെ
അദ്ധ്യാപകൻ.....

തോൽവിയുടെ ഇരുളുകൾ
നിലാവായി കണ്ടു നീ
മുന്നോട്ടു പോകുമെൻ
വാക്കു കേട്ടു

അമ്മയുടെ വാക്കുകൾക്കെതിർവാക്കു
പറയാതെ നേരിന്റെ വഴികൾ
തെളിച്ചതാണന്നെന്റെ
അദ്ധ്യാപകൻ....

# പ്രകൃതി സൗന്ദര്യം

ജോസ്‌ലിയ ഫ്രാൻസിസ്

പ്രകൃതി എന്നത് ഒരു ദേവസൃഷ്ടിയാണ്. നമ്മെ അത് ഒരോ ദിവസവും അതിന്റെ സൗന്ദര്യത്താൽ ആകർഷകമാക്കുന്നു. പ്രകൃതിയുടെ ഭാവം എന്നത് ക്ഷണികമാണ്. പ്രകൃതിയുടെ സൗന്ദര്യമാണ് ഒരോ ദിവസവും നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. പല ജീവ ജാലങ്ങളും സസ്യലതാതികളും കൊണ്ട് മനോഹരമാണിവിടം. ഈ സസ്യങ്ങളും , കാലാവസ്ഥയും, ജീവജാലങ്ങളുമൊക്കെ അടങ്ങിയ പ്രകൃതി നമ്മുടെ ഭവനമാണ് നമ്മുടെ ഹരിതഭവനം. അതിനെ നശിപ്പിക്കാതെ നാം കാത്തുസൂക്ഷിക്കണം. ഈ കാലത്ത് പ്രകൃതിയുടെ സൗന്ദര്യം നഷ്ടപ്പെടുത്തി കൊണ്ട് മനുഷ്യൻ പണത്തിനും, അന്തസിനും , അഹങ്കാരത്തിനും വേണ്ടി കാടും മരങ്ങളും ചെടികളുമൊക്കെ വെട്ടി നശിപ്പിച്ചു കൊണ്ട് പുത്തൻ കെട്ടിടങ്ങൾ അവിടെ കെട്ടിപ്പടുക്കുകയാണ്. പ്രകൃതിയെ സംരക്ഷിക്കേണ്ടതിനുപകരം അതിനെ നശിപ്പിക്കുകയാണ് അവന്റെ പ്രധാനലക്ഷ്യം. പ്രകൃതിയിൽ കൂടുതൽ ഹരിത സസ്യങ്ങൾ വെച്ചു പിടിപ്പിച്ച് മറ്റുള്ളവർവർക്ക് മാതൃകയാവാം. പ്രകൃതിയെ സംരക്ഷിക്കുന്നവരാകാം. കാരണം, ആ പ്രകൃതിയെ നമ്മൾ നമ്മുടെ സൗകര്യങ്ങൾക്ക് നശിപ്പിച്ചാൽ അത് നമ്മുടെ ആരോഗത്തിന് നന്നല്ല. ഈ ഭൂമിയിൽ എല്ലാ തരത്തിലുള്ള ജീവജാലങ്ങളുടെയും നിലനിൽപിന് കാരണം നാം ജീവിക്കുന്ന നമ്മുടെ ഹരിത ഭവനമായ പ്രകൃതിയാണ്. നമ്മുടെ ഈ പ്രകൃതി വളരെ അത്ഭുതം നിറഞ്ഞതാണ്. നമ്മൾ പ്രകൃതിയെ സ്നേഹിച്ചാൽ അത് നമ്മെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും. പ്രകൃതിയിൽ നിന്നാണ് നമ്മുക്ക് ഭക്ഷിക്കാനും . കുടിക്കാനുമുള്ള വസ്തുക്കൾ കിട്ടുന്നത്. പ്രകൃതിയിൽ നിന്നാണ് നമ്മുക്ക് ശുദ്ധമായ വായു ലഭിക്കുന്നത്. മരങ്ങൾ നമുക്ക് തണലും, പലതരം പഴങ്ങളും നൽകുന്നു. അത് നമ്മൾ മറക്കരുത്. പ്രകൃതിയുടെ മണ്ണ് ഫലപുഷ്ടമായതു കൊണ്ട് മരങ്ങൾ നശിപ്പിച്ച് നമ്മുടെ ആരോഗ്യം നഷ്ടപ്പെടതെ കൂടുതൽ മരങ്ങൾ നാം നമ്മുടെ വീടുകളിലും നട്ടുപിടച്ച് നമ്മുടെ നാടും രാജ്യവും പച്ചപ്പുള്ളതാക്കാം അല്ലാതെ കെട്ടിടങ്ങൾ പടുതുയർത്തി പണം അവശ്യമില്ലാതെ ചിലവാക്കി സമയം നക്ഷ്ടപ്പെടുത്തരുത്. പ്രകൃതി എന്നത് നമ്മുടെ സമ്പത്താണ് . നമ്മൾ എല്ലാവരും വസിക്കുന്ന ഇടം. മരങ്ങൾ കൂടുതൽ വെച്ചുപ്പിടിപ്പിച്ച് ഹരിഭവനമാക്കാം നമ്മുടെ പ്രകൃതിയെ . അത് നമ്മുടെ ജീവൻ നിലനിർത്തും.



# ഓർമയിലെ ഭൂമി

അതുല്യ രാജ്

എന്നേക്കുമായി നിറഞ്ഞു നിന്ന
പച്ചപ്പിൻ ഭൂമിയിൽ ഇന്നിതാ
കാണുമൊരു വരൾച്ചതൻ
ലോകം
ഇതെന്ത് ഭൂമിയോ എന്ന
ചോദ്യത്തിന് ഉത്തരം നൽകാൻ
എനിക്കാവില്ല

പ്രകൃതിതൻ സൗന്ദര്യത്തിൻ
മധുരം നുകർന്നു ജീവിച്ച
നാൾ ഞാനിതാ ഓർത്തിടുന്നു
തന്റെ പ്രഭാത ഉണർവിൻ ഉന്മേശമേകാൻ
ഇന്നിതാ ഈ ഭൂമിയില്ല!

# കാട്ടുപക്ഷിതൻ പാട്ട്

ആഷിൻ അഗസ്റ്റിൻ ഷിജു



ഒരു പാട്ടു പിന്നെയും
പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്ന
തോർക്കാതെയാ
വിരിമാനം ഉള്ളാൽ
പുണർന്നു കൊണ്ടേ
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റചിറകിന്റെ
താളമോടെ ഒരുപാട്ട്
വീണ്ടുംതെളിഞ്ഞുപാടുന്നിതാ
ചിറകൊടിഞ്ഞുള്ളോരീകാട്ടുപക്ഷി



# വിദ്യാലയ ജീവിതം

ജെസ്‌വിൻ മനോജ്

കഠിനമാം ജീവിതപ്രാക്കുകൾ
"കഴിഞ്ഞു കാലം", "കഴിഞ്ഞുകാലം"
വരുമോ നീ ഇനിയുമിനിയും
ജീവിതം കൊതിക്കുന്നു
പ്രാണനായ്
ഇനിയും വരുകില്ല നീയെന്നറിഞ്ഞിട്ടും "
വിട്ടു പോകില്ലൊരു നാളും
നീ നൽകിയ ജീവിത പാഠങ്ങൾ

# അമ്മ

ഷെർവിൻ ഷാജൻ

പെറ്റമ്മ എന്നെ സ്നേഹിക്കുന്നതു പോലെ മറ്റാരുമെന്നെ സ്നേഹിക്കികില്ല.
എന്റെ ജീവിതത്തിലെ ഉയർച്ചയിലും താഴ്ചയിലും കൂടായിരുന്ന എന്റെ അമ്മ
കുഞ്ഞുനാൾ മുതൽക്കേ എന്നെ സ്നേഹിച്ചമ്മ
ജീവിതപാതയിൽ മുഴുവനിലും.
എന്റെ ആവശ്യങ്ങൾക്കറുതിയില്ലായിരുന്നെങ്കിലും അമ്മ
എനിക്കായ് സാധിച്ചു തന്ന ജീവിതകാലങ്ങളിൽ
മുഴുവനിലും താങ്ങായി തണലായിരുന്ന അമ്മ.
അതിനാൽ   പെറ്റമ്മ സ്നേഹിച്ചതു പോലെ
മറ്റാരുമെന്നെ സ്നേഹിക്കയില്ല.

# മിട്ടുക്കനായ ലിമ

ഷെർവിൻ ഷാജൻ

ഹൊഹൊയ്യാങ് എന്ന മനോഹരമായ രാജ്യം . ആ രാജ്യത്തിൽ ഒരു കൊച്ചു ഗ്രാമം ഉണ്ടായിരുന്നു.ഒരു സുന്ദര ഗ്രാമം. ആ ഗ്രാമത്തിൽ ആണ് ലിമ എന്ന കൊച്ചുമനുഷ്യൻ്റെ താമസം. കൊച്ചുമനുഷ്യൻ എന്ന് പറഞ്ഞാൽ ഒരുവയസുള്ള ഒരു കൊച്ചിൻ്റെ അത്രയുമേ ഉള്ളൂ ലിമ.ആളൊരു രസികനാണ്.നന്നായി പാട്ട് പാടും.തമാശ പറയും.എല്ലാവർക്കും പ്രിയങ്കരൻ

ഷുകി എന്ന പേരുള്ള ഒരു പൂച്ചക്കുട്ടൻ ഉണ്ടായിരുന്നു. ലിമയും ഷുകിയും ഒന്നിച്ചാണ്. ലിമ ഇല്ലാതെ ഷുകി ഇല്ല, ഷുകി ഇല്ലാതെ ലിമയും ഇല്ല.

ഒരു ദിവസം ആ രാജ്യത്തെ രാജാവ് തന്നെ രഥത്തിൽ അതുവഴി വന്നു. അപ്പോഴതാ ലിമ പാട്ട് പാടിയിരിക്കുന്നു. ഷുകി അതിനനുസരിച്ച് നൃത്തം ചെയ്യുന്നു. അപ്പോൾ രാജാവ് വിചാരിച്ചു 'കൊള്ളാമല്ലോ! ചിരിക്കാത്ത തന്റെ മകൾ മോഷിതാരയെ ചിരിപ്പിക്കാൻ ഇവന് കഴിയും'.

രാജാവ് ലിമയെ ഉടനെ അടുത്തേക്ക് വിളിച്ചു ചോദിച്ചു "എന്റെ കൂടെ പോരുന്നോ?."

"ഷുകുവിനെ കൂടെ ഒപ്പം കൂട്ടാൻ എങ്കിൽ എങ്ങോട്ട് വരാനും ഞാൻ തയ്യാർ !" ലിമ പറഞ്ഞു

രാജാവ് സമ്മതിച്ചു. അങ്ങനെ ലിമയും ഷുകുവും അദ്ദേഹത്തിൻ്റെ കൊട്ടാരത്തിൽ എത്തി.അവിടെ മോഷിതാരാ ഉണ്ടായിരുന്നു. രാജാവ് ലിമയോട് ഓരോന്ന് ചോദിച്ചു കൊണ്ടിരുന്നു. അവന്റെ മറുപടികൾ അദ്ദേഹത്തെ വല്ലാതെ രസിപ്പിച്ചു. പക്ഷേ പക്ഷേ അതൊന്നും മോഷിതാരയെ രസിപ്പിച്ചതെയില്ല!.

ആദ്യമൊക്കെ അവൾ മുഖം വീർപ്പിച്ചിരുന്നു. എന്നാൽ പതുക്കെ പതുക്കെ ലിമയും ഷുകിയും കാണിച്ചുകൂട്ടുന്ന തമാശകൾ മോഷിത്താരയെ ചിരിപ്പിച്ചു തുടങ്ങി. അവൾ പൊട്ടിച്ചിരിച്ചു.

ദിവസങ്ങൾ കഴിഞ്ഞു മോഷിതാരക്ക് അവളുടെ മുത്തച്ഛനെ കാണണം രാജാവ് രഥം തയ്യാറാക്കി അവൾ പറഞ്ഞു "എനിക്ക് പരിവാരങ്ങൾ ഒന്നും വേണ്ട" എന്ന്.

മനസ്സില്ലാമനസ്സോടെ ആണെങ്കിലും രാജാവ് സമ്മതിച്ചു എങ്കിൽ ലിമയും ഷുകിയും കൂടെ വരട്ടെ എന്ന് രാജാവ് പറഞ്ഞു .കുമാരി അത് സമ്മതിച്ചു. അങ്ങനെ യാത്ര തുടങ്ങി. ലിമയും ഷുകിയും കുമാരിയെ പാട്ടുപാടിയും തമാശ പറഞ്ഞും ചിരിപ്പിച്ചുകൊണ്ടിരുന്നു.

അയൽ രാജ്യത്തേക്ക് പോകണമെങ്കിൽ ഒരു മലഞ്ചെരിവ് കടക്കണം അവർ ആ മലഞ്ചെരുവിലൂടെ യാത്ര തുടങ്ങി. നേരം ഇരുട്ടിത്തുടങ്ങി. കുത്തനയുള്ള പ്രദേശം കയറിത്തുടങ്ങിയത് രണ്ടുപേർ വണ്ടിയുടെ നേരെ ചാടി വീണു! അവർ കുതിരക്കാരനെ പിടിച്ചു കെട്ടി. ഇത് കണ്ട ലിമയും ഷുകിയും പതുക്കെ വണ്ടിയിൽ നിന്ന് ഇറങ്ങി മരങ്ങൾക്കിടയിൽ ഒളിച്ചിരുന്നു. എന്നിട്ട് നടക്കുന്നത് ശ്രദ്ധിച്ചു. അപ്പോഴതാ മൂന്നാലു പേർ കൂടി വരുന്നു അവർ കുമാരിയുടെ ആഭരണങ്ങൾ ഊരി വാങ്ങി പിന്നെ കൈകാലുകൾ കെട്ടി. ഇനി അവളെ നമുക്ക് നമ്മുടെ താവളത്തിലെത്തിച്ച് പൂട്ടിയിടാം കൊള്ളക്കാരിൽ ഒരാൾ പറയുന്നത് ലിമ കേട്ടു. അപ്പോഴേക്കും രാത്രിയായി. ലിമ വേഗം മരങ്ങൾക്കിടയിൽ മറഞ്ഞിരുന്ന് കൊള്ളക്കാരുടെ നേരെ കല്ലെറിയാൻ തുടങ്ങി. അവർക്ക് രാത്രിയിൽ ഒന്നും കാണാൻ പറ്റില്ലല്ലോ.

"അയ്യോ! ഇതെന്തോ കുഴപ്പം പിടിച്ച സ്ഥലമാ!" കൊള്ളക്കാർ പേടിച്ച് ഓടിപ്പോയി.

ഇത് കണ്ട ലിമ വണ്ടിക്കാരനെയും മോഷിതാരയെയും അഴിച്ചുവിട്ടു. നേരം പുലർന്നപ്പോൾ അവർ മുത്തച്ഛൻ്റെ അടുത്തെത്തി. വിവരങ്ങൾ അറിഞ്ഞ രാജാവ് ലിമക്കും ഷുകിക്കും കൈ നിറയെ സമ്മാനങ്ങളും ഒരു കൊട്ടാരവും പണിതു നൽകി. പിന്നീടുള്ള കാലം അവർ അവിടെ സുഖമായി ജീവിച്ചു.

# പ്രകൃതി

അനെറ്റ് മരിയ ജിനോ

പുലരിതൻ പടിവാതിക്കൽ വിതുമ്പി
വിളിച്ചു പ്രകൃതിയാം എന്നമ്മ.

വാതിൽ തുറന്ന് ഞാൻ നോക്കി
വിശ്വമാം പ്രഭചൊരി-
യുമെൻ പ്രകൃതിയെ.

മലരിലെ തേൻനുകരാൻ
വണ്ടുകൾ മൂളിപ്പാട്ടുമാ-
യി പാറിയെത്തി.

ഞാൻ ഒന്ന് തൊടാൻ
മോഹിച്ചു പക്ഷേ എൻ കണ്ണിൽ നീ മറഞ്ഞുപോയല്ലോ.

# ഓർമ്മപ്പെടുത്തൽ

സ്വാഫിയത്ത് സ്വാഫിയ

പ്രകൃതിയാം ഭൂമിയെ നാം സ്നേഹിക്കണം
പ്രകൃതി ഇല്ലെങ്കിൽ
നമ്മളിൽ.
പ്രളയവും പ്രകൃതി ദുരന്തവും
പ്രകൃതിയാം ഭൂമിയെ പണ്ട് നോവിപ്പിച്ചു.
പ്രകൃതിയെ സ്നേഹിക്കുക എന്നുള്ളത്
ഇതിനുള്ള പ്രതിരോധനം എന്നതോർക്കുക.
പ്രകൃതിയാം ഭൂമിയെ സ്നേഹിക്കണം.
പ്രകൃതിയാം ഭൂമിയെ നശിപ്പിക്കരുത്.
കൂട്ടരെ ഓർക്കുക പ്രകൃതിയില്ലെങ്കിൽ -
നമ്മളുമില്ലന്നതായ സത്യം...

# പ്രകൃതിയുടെ സുന്ദരമുഖങ്ങൾ

ശ്രീനന്ദ പി. ബി

ഈ ഭൂമിയിൽ എനിക്കു നീ സുന്ദരം
മാറി വരുന്ന കാലങ്ങൾക്കു നീ സുന്ദരം
എപ്പഴോ എന്നെ തഴുകി വന്നൊരു കുളിർ
കാറ്റിൻ നൊമ്പരം ഓർത്തുപോകുന്നു ഞാൻ
ഈ കൊടും വേനലിൽ.... കൊടും വേനലിൽ
എൻറെ ചുറ്റിലും സുന്ദരമാകുന്നു നീ
എൻ മനസ്സിലെ സ്വർഗം തുറന്നുകാട്ടുന്നു നീ
എങ്കിലും എന്നെ വിട്ട് എവിടേക്കോ
ഇരുട്ടു മാത്രം പകർന്നു തന്ന് മറഞ്ഞു
പോയില്ലേ നീ എൻറെ മനസ്സിലെ സുന്ദര-
കാഴ്ചയായ് എന്റെ നോവുകൾക്ക്
നിറം പകർന്നു തരുന്നൊരു സ്വർഗ്ഗം
നിലാവൊളിയുടെ രാത്രി എങ്ങോ എന്നെ
വിട്ടു പോയി നീ...
വീണ്ടും സുപ്രഭാതത്തിൽ
എൻറെ അരികിൽ ഓടി എത്തി നീ
പ്രകൃതിയാം നിന്നെ എനിക്ക് ഒരുപാട് ഇഷ്ടം.....
ഒരുപാട് ഇഷ്ടം.......
എൻ മുന്നിൽ ദൃശ്യമാകുന്നു നിൻ അത്ഭുത-
സൃഷ്ടിയായി കാട്ടിതരുന്നു.
പേമാരിപോലുള്ള മഴയേയും കൊടും
ചൂടും വെളിച്ചവും പകർന്നു തരുന്ന സൂര്യനെയും
ഡിസംബർ മാസത്തെ കോടമഞ്ഞായും എൻറെ മുന്നിൽ എത്തി
നീയൊരു സുവർണ്ണമായി
ഈ ഭൂമിയിൽ എനിക്കു നീ സുന്ദരം.
മാറി വരുന്നൊരു കാലങ്ങൾക്കു നീ സുന്ദരം..

# പ്രകൃതിഭംഗി

ശ്രേയ സുരേഷ്

പച്ചപ്പരവതാനിയാം നിൻ  ഭംഗിയെ
ഞാൻ സ്മിതത്താൽ സ്വീകരിക്കുന്നു
ശോഭയാം നിൻ പൂവനം കാണാൻ
ഞാൻ മനസ്സാൽ ആഗ്രഹിക്കുന്നു.

സമ്മോഹനമാകോകില ഗാനം ഞാൻ
കേട്ടു നിൽക്കവേ,
വേദനയാൽ ഓർക്കയാണെന്റെ
ബാല്യകാലം

ചോലയിൽ പോയി കളിച്ചു നടന്ന കാലം,
മാമ്പഴമെറിഞ്ഞു വീഴ്ത്തിയാ
ബാല്യകാലം
നിൻ ഗാനമാലപിക്കവേ ഞാൻ
ഓർത്തുപോയി

പത്മം വിരിഞ്ഞൊരാ പുഴയാം
സൗന്ദര്യം ഞാനാ സ്വദിക്കുന്നു.
നാളി കേരദ്രുമത്തിൽ ശോഭയാൽ
ഞാൻ സ്വയം മറന്നങ്ങനെ നിന്നുപോയി.

എന്തു ഭംഗിയാണെന്തു ഭംഗിയാണീ
അംബയാം പ്രകൃതി....
വന്ദനം വന്ദനം, ചിത്തം കവരുമീ
വിഭൂതിയാം ഭംഗിയെ.

# ജീവതാളം

ജീവ സജീവ്

വാടിതളർന്നോരാ പൂമൊട്ട്
ഞാനെന്റെ മോഹങ്ങളെയെല്ലാം
വെടിഞ്ഞ നേരം....
കനിവിന്റെ തീക്കനൽ കൊത്തിക്കവരുന്ന
തീനാളമായെന്റെ
ജീവതാളം....

വാടിതളർന്നിട്ട് നാളെത്ര
യായെന്റെ ഭൂതകാലം
പൂത്ത ചില്ലതൻ പൂങ്കാവനത്തിൽ ഞാനെന്റെ
ഹൃദയ താളത്തിൽ നിന്നാ –
ളിപ്പടർന്നങ്ങെരിഞ്ഞിട്ടുന്നു....

കാലങ്ങളെത്രയായ് അകലുന്നിതാ
എന്നിൽ ചെറു തുടിപ്പോടെ
നീങ്ങുന്നിതാ
ഓർമ്മതൻ കളിയൂഞ്ഞാലാടുന്ന
ഞാനൊരാ കുഞ്ഞു വിരഹചിന്തയോടെ..

പ്രാണനിലൂറുന്ന നൊമ്പര–
ത്തെ ഞാനെന്റെ ചെറു
മന്ദസ്മിതത്താലെ മറച്ചിട്ടുന്നു...
ഹൃദയത്തിൻ ചില്ലയിൽ
മൊട്ടിട്ട്  തളിർത്തൊരാ
പൂമൊട്ടുപോലും പൊഴിഞ്ഞിട്ടുന്നു....

വാടിക്കരിഞ്ഞൊരാ  പൂമൊട്ട്
ഞാനെന്റെ മോഹങ്ങളെയെല്ലാം
വെടിഞ്ഞ നേരം.....
മോഹങ്ങളോരോന്നായ്
എണ്ണിപ്പറഞ്ഞു ഞാൻ
കരഞ്ഞ നേരം....
ഇനിയെന്റെ ചില്ലയിൽ എന്നു പൂക്കുമെന്റെ ബാല്യകാലം...
എന്റെ പുതു ഓർമ്മതൻ വസന്തകാലം....

# ഒരോ ജന്മവും

റോസ്‌ലിന ആൻ ഡെന്നീസ്

നട്ടും നനച്ചും വളർത്തി ചിലരെനിക്കീ
ജന്മം നൽകിയത്
നടാതെയും നനയാതെയും വളർന്നവരാണ്
മറ്റു ചിലർ പുലരുന്ന നേരത്തു
വിരിയുന്ന ഞാൻ ചിരിയായി ഭുവിൽ പ്രകാശിക്കുന്നു
ഭുവിനായ് സൗന്ദര്യം പകർത്തി ഓരോരോ പുതു മുഖം കാണിക്കുന്നു
ഭുവിലെല്ലാവരുടെയും പ്രിയപ്പെട്ടവരായി വളരുന്നു നാം
മധുവായ മധുരം നുകരാനായി
എന്നധരങ്ങളിലേക്ക് വരും ചിലർ
വെയിലേറ്റ് വാടിയ പൂവു ഞാൻ
സായാഹ്നമാകുമ്പോൾ മൺ മറയുന്നു.
ആർക്കൊക്കെയോ വേണ്ടി
ഈ ഭൂമിയിൽ വിടരുന്ന നാം
കാലം മറയുമ്പോൾ വിസ്മരിച്ചിടുന്നു ലോകം
ഓർക്കുക സോദരാ നീ
നിൻ ജന്മം വളരെ ചെറുതാണ്
മറക്കാതെ ഈ ജന്മം
പുണ്യമായി ജീവിക്കുക

# എന്റെ പ്രഭാതം

ദേവനന്ദ പി

പുലർകാല വേളയിൽ ഞാനുണർന്നെൻ
പൂന്തോപ്പിലെ പൂക്കളെ നോക്കി നിന്നു
മഞ്ഞുതുള്ളി മാല ചാർത്തിയെൻ
കുഞ്ഞു പൂവുകൾ തല താഴ്ത്തി നിന്നു
പ്രഭാത സൂര്യനുണർന്നു ....എന്റെ
പ്രിയമുള്ള പൂവിനെ നോക്കി
തുഷാരമണികളെ ഒപ്പിയെടുത്തു
തുമ്പപ്പൂക്കളെ ഉണർത്തി കതിരവൻ
കാക്കയും കിളികളും പൂമ്പാറ്റയും
കതിരവൻ തന്റെ കിരണങ്ങളും
എന്റെ പൂന്തോപ്പിലെ വിരുന്നു കാരായി

# കേരളം

ഗോപിക സന്തോഷ്

കേരവൃക്ഷങ്ങൾ നിറഞ്ഞനാടേ പുതു പുതു കാഴ്ചകൾ
വിരിഞ്ഞു നിൽക്കും കൊച്ചു കേരളം എൻ നാട്
തോടും പുഴയും അരുവിയുമെല്ലാം നിറഞ്ഞ കേരളമേ ....
എൻ കൊച്ചു നാട് സുഗന്ധനാടെന്നറിയപ്പെട്ട നാടേ
എത്ര സുന്ദരമാണ് കേരളനാട്
കൂടുതൽ സാക്ഷരത ഉള്ളയെൻ നാടേ
എന്റെ കൊച്ചു കേരള നാടേ....!



# ശ്രീനന്ദനം

ഗായത്രി സന്തോഷ്

പുല്ലാങ്കുഴലിൽ മുരളികയൂതും
എൻ ഓമനക്കണ്ണാ നീയല്ലോ
താമരതാരികൾ പോലെ
എൻ മനസ്സിൽ വിടരും
മാധവ മോഹനനെ

കണ്ണാ മണിമുകിൽ വർണ്ണാ
രാധാമാധവനെ കണ്ണാ മുരളിഗായകനെ കണ്ണാ
ഒരു നറുദ്ദീപമായി
തെളിയും നാളമായി
എന്നിൽ നിറയും സൂര്യനല്ലേ
കണിമലരാകും കണ്ണാ നിന്നെ
ഒരു നോക്കു ഞാനൊന്ന് കണ്ടിടട്ടെ
കണ്ണാ മായാമോഹന
കാർവർണ്ണ
എൻ ഗുരുവായൂരമ്പാടി കണ്ണനല്ലേ

# പൂമൊട്ട്

ഒരു തോട്ടത്തിൽ രണ്ട് വിരിയാറായ പൂമൊട്ടുകൾ ഉണ്ടായിരുന്നു ഇവർ നല്ല കൂട്ടുകാരായിരുന്നു. അപ്പോഴാണ് ആ തോട്ടത്തിന്റെ ഉടമസ്ഥൻ തോട്ടത്തിലേക്ക് വന്നത്.പൂമൊട്ടുകളെ നോക്കി പറഞ്ഞു. ഹാ നല്ല വലിയ പൂമൊട്ട് ആണല്ലോ.അടുത്ത ഏതെങ്കിലും ദിവസം ഈ പൂമൊട്ടുകൾ വിരിഞ്ഞു പൂവാകും.കുറച്ചുനേരം അതിനെ നോക്കി നിന്നിട്ട് അയാൾ തിരിച്ചു പോയി.വൈകുന്നേരം ആയപ്പോൾ ഒരു ചെറിയ പുഴു ഈ പൂമൊട്ടുകളിൽ ഒന്നിലേക്ക് കയറി അതിനെ തിന്നാൻ തുടങ്ങി കുറച്ചുസമയം കഴിഞ്ഞപ്പോൾ മഴ പെയ്തുതുകൊണ്ട് പുഴു താഴെയിറങ്ങി ഇലകൾക്കിടയിൽ ഇരുന്നു.നേരം രാത്രിയായി വെളുത്തു രണ്ടു പൂമുട്ടുകളും കണ്ണു തുറന്നു അപ്പോൾ പുഴു തിന്ന പൂമൊട്ടിന്റെ സുഹൃത്തായ പൂമൊട്ടു പറഞ്ഞു. നിൻ്റെ പാതി പുഴു തിന്നു ഇനി നീ വിരിയില്ല വിരിഞ്ഞാൽ തന്നെയും ഒരു ഭംഗിയും ഉണ്ടായിരിക്കുകയില്ല എന്ന് പറഞ്ഞ് കളിയാക്കാൻ തുടങ്ങി. മൊട്ട് സങ്കടത്തോടെ തലതാഴ്ത്തി. പിറ്റേദിവസം ഈ രണ്ടു പൂമുട്ടുകളും വിരിഞ്ഞു അപ്പോൾ പൂമൊട്ടു പറഞ്ഞു.നിന്നെ കാണാൻ ഒരു ചന്തവും ഇല്ല എന്നെ കാണാൻ വളരെ മനോഹരമാണ് എന്നൊക്കെ പറഞ്ഞ് പൂമൊട്ട് അഹങ്കാരത്തോടെ പറഞ്ഞു.കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു വിട്ടിൽ വന്ന് ആ പൂമൊട്ടിനെ മുറിച്ചു കളഞ്ഞു.അപ്പോൾ ആ ഉടമസ്ഥന് ഒരു റോസാപ്പൂ ആവശ്യമുണ്ടായിരുന്നു.പക്ഷേ ഭംഗിയുള്ള ആ റോസാപ്പൂ വീട്ടിൽ മുറിച്ചു കളഞ്ഞതിനാൽ പുഴു തിന്ന റോസാപ്പൂവിനെ അയാൾ എടുത്തുകൊണ്ടുപോയി.പൂമൊട്ടിന് വളരെ സന്തോഷമായി.

# കാലം....!

ശിവപ്രിയ എം എസ്

വിജനമാം വഴിയോരം
അകലെയാ തെളിമാനം
വിരിയുന്ന മൊട്ടിലും
വീശുന്ന കാറ്റിലും അലിയുന്ന ഗന്ധങ്ങൾ.....
കൈകോർത്തുനിന്നിവർ കൺമുന്നിൽ മായുന്ന
ജീവിതപുസതകത്താളുകൾ മറിയുന്ന .
മായാതെ മായാതെ ഞാൻ മാത്രം
ബാക്കിയായി.....
ഈ ചില്ല വിട്ടുഞാൻ ചേക്കേറിയിടുമ്പോൾ
മാനത്തെ അമ്പിളി മങ്ങിച്ചിരിക്കുന്നു

# മഴക്കാലം

അനുസ്മയ കെ എസ്

മഴക്കാലം തുടങ്ങിയാൽ നല്ല രസമാണ് ജൂൺ മാസത്തിൽ സ്കൂൾ തുറക്കുമ്പോൾ കുടയും ചൂടി സ്കൂളിലേക്കുള്ള യാത്ര നല്ല രസമാണ് മഴയത്ത് കുടയും ചൂടി സ്കൂളിലേക്ക് പോകാൻ പുല്ലുകളിൽ നിന്നൊക്കെ മഴത്തുള്ളികൾ ഇങ്ങനെ വീണു കൊണ്ടിരിക്കുന്നു അതിനിടയിൽ നിന്ന് കണ്ണുനീർത്തുള്ളി പറിച്ചു കണ്ണിൽ ഇങ്ങനെ വയ്ക്കും കണ്ണുകൾക്ക് നല്ല തണുപ്പ് കിട്ടും നല്ല മഴയ്ക്കൊപ്പം കാറ്റും കൂടി ഉണ്ടെങ്കിൽ ദേഹം ആകെ നനയും അങ്ങനെ നനഞ്ഞു കുളിച്ച് സ്കൂളിൽ നിന്ന് തിരിച്ചു വീട്ടിലേക്ക് വരുമ്പോൾ അമ്മ നല്ല ചൂട് ചായയും എന്തെങ്കിലും കടിയും ഉണ്ടാക്കി വയ്ക്കും അതൊക്കെ കുടി അതൊക്കെ കുടിച്ച് ഇങ്ങനെ മഴ കാണാൻ എന്തു രസമാണ് മഴയാകുമ്പോൾ രാത്രിയൊക്കെ ആകുമ്പോൾ നല്ല തണുപ്പാണ് അങ്ങനെ മഴയത്ത് പുതച്ചു മൂടി കിടന്നുറങ്ങാൻ നല്ല രസമാണ് പക്ഷേ ഇത്രയും സൗകര്യം നല്ല വീട് ഒക്കെ ആയിട്ട് നല്ല രീതിയിൽ സുഖിച്ച് നമ്മൾ കിടക്കുമ്പോൾ ഈ മഴ പലർക്കും വിനാശകരമായിട്ടുണ്ട് വീണ്ടും ഭക്ഷണ വീടും ഭക്ഷണവും ഇല്ലാതെ പലരുടെ വീടുകളിലും വെള്ളം കയറി അവർക്ക് എല്ലാം നഷ്ടപ്പെട്ട ഒരു അവസ്ഥയുമായി ഉണ്ടാക്കിയിട്ടുണ്ട് ചിലർക്ക് മഴകൊണ്ട് സന്തോഷം ഉണ്ടാകുമ്പോൾ മറ്റു ചിലർക്ക് അത് ഏറെ വിനാശകരമാണ് ഉണ്ടാകുന്നത് മഴ കണ്ടപ്പോൾ ഞാൻ ഇതൊക്കെ ഇങ്ങനെ ആലോചിക്കുകയായിരുന്നു അപ്പോൾ അമ്മ വിളിക്കുന്നത് പോയി കിടന്നു ഉറങ്ങാൻ പറയുന്നത് അമ്മ എന്നെ മഴ നനയാനൊന്നും സമ്മതിക്കില്ല മഴയത്ത് കളിച്ചാൽ അസുഖം വരും എന്നൊക്കെ പറഞ്ഞു ഇനി മഴ നനയാൻ സമ്മതിക്കില്ലായിരുന്നു അതിൽ എനിക്ക് ഒരുപാട് വിഷമം ഉണ്ടായിരുന്നു എങ്കിലും ഞാൻ അമ്മ കാണാനില്ല മഴ കൊള്ളുമായിരുന്നു എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ നമ്മൾ നമ്മുടെ സൗകര്യം മാത്രം നോക്കിയാൽ പോരാ. മറ്റുള്ളവരെ കുറിച്ചും ചിന്തിക്കണം ഇത് നമ്മൾ എപ്പോഴും ഓർത്ത് ഇരിക്കണം .


# അമ്മ

ബ്ലെസി സോജി

ഞാനെന്ന പുഷ്പത്തെ
വാടാതെ കാക്കും
തണലാനിന്നുമെന്നമ്മ...

മൊട്ടാകും നാൾമുതൽ
വാടാതെ കാത്തിടും
സ്വർഗ്ഗമാനിന്നെന്റേ അമ്മ...

കനവാകും തീജ്വാല
എന്നിൽ പടർത്തുന്ന
തിരിയാനിന്നെന്റേയമ്മ..



ഞാനെന്ന പുഷ്പം
വാടിതളരുമ്പോൾ
കുളിരയാണയുന്നോരെന്റെയമ്മ....

നിറമാകും സ്വപ്നത്തെ
വാനിൽ പറപ്പിച്ച
സ്വർഗംനിന്നെയന്റെഅയമ്മ....

ആയിരം  സ്വപ്നങ്ങൾ
മാലയായി ചാർത്തിടും
അമൃതമായണയുന്നോരെന്റെയമ്മ...

ജീവന്റെ ജീവനായ്
കുളിരായ് അണഞ്ഞിടും
മഴയായി  പൊഴിയുന്നിന്നെയന്റ്യ മ്മ...

ആത്മവിനാത്മാവിൽ
ആമോദതിരകളാൽ
സ്നേഹമായി  പൊതിയുന്നോരെന്റെയമ്മ..

ഇരുളാകും  പാതയിൽ
ദീപ്തമായ് മാരോടും
സ്വർഗമായി മാറിടുംമേന്റെയമ്മ...

# അന്നും ഇന്നും

പണ്ടത്തെ സമ്പൽസമൃദ്ധം ആയിരുന്ന ഈ നാട്
എവിടെ നോക്കിയാലും കാണുന്ന വന വൃക്ഷലതാദികൾ
എത്രയോ സുന്ദരമായിരുന്ന അന്നീ ജീവിതം ഋതുഭേദങ്ങൾ ഏവർക്കും തൃപ്തരായി

കളകളം ഒഴുകുന്ന പുഴകളും തോടുകളും താളത്തിനൊപ്പം ആടിയുലയുന്ന ഓടക്കൂട്ടങ്ങളും
ഒഴുകി മറിഞ്ഞതിൽ വയലുകളും എത്രയോ സുന്ദരമായിരുന്ന ഈ ഗ്രാമങ്ങൾ

പക്ഷേ ഇന്ന് ഈ നാടിന് വന്ന അവസ്ഥ ദാരുണമായി തീർന്നു ലോകം മുഴുവനും

മനുഷ്യരെല്ലാം സ്വാർത്ഥരായി ശ്രദ്ധിച്ച് ഒരു ഖേദവും ഇല്ലാതെ വെട്ടി മുറിച്ച് വൃക്ഷങ്ങൾ
പാടെ നശിപ്പിച്ച മനുഷ്യർ കെട്ടിടങ്ങൾ ആക്കി മാറ്റിമറിച്ച ഞാനെന്ന ഭാവം
ഉയർത്തിപ്പിടിച്ച

മാസങ്ങൾ നോക്കാതെ ഋതുക്കൾ മാറിമാറി ഒരുവശം ചൂടിൽ വെന്തുരുകി ഭൂലോകമത്രയും
പ്രളയമായി ഭീതിയിൽ ഞാനെന്ന ഭാവം കൈവിട്ട നിമിഷം മനുഷ്യരെല്ലാം ഒന്നായി
മാറിയ ഒരു ജാതി ഒരു മതം ഏവരും തുല്യം



# ഓർമ്മകൾ

ഈ നിശാ വേളയിൽ ഓർക്കുന്ന ഞാൻ എന്റെ ബാല്യകാലത്തിൽ മധുരമാം നാളുകൾ നിഴൽ പോലെ അമ്മയുടെ കൂടെ നടന്നതും കുസൃതി ചെയ്തതും ഓർക്കുന്ന ഞാൻ മധുര മിഠായികൾ നുണയുന്നതും മാവിൻ ചോട്ടിൽ മാങ്ങ പെറുക്കുന്നതും പുഴയിൽ നീന്തി കുളിക്കുന്നതും പിന്നെ മഴയിലൂടെ കളിക്കുന്നതും എന്നും എന്നോർമതൻ മധുര സ്വപ്നങ്ങൾ ആയി നിറമോടെ നിൽക്കുന്ന എന്നുമെന്നും

# ഗുരുശിഷ്യബന്ധത്തിലെ സ്നേഹമുദ്ര

ആൽഫ മോൾ റോയ്

"സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപോകുന്നതുപോലെ അറിവ് ഉദിക്കുമ്പോൾ അജ്ഞതയും മാറി പോകുഞ്ഞ് " എന്ന ശ്രീനാരായണഗുരുവിന്റെ സന്ദേശം ലോകത്തിനു പകർന്ന, ഇരുളിനെ അകറ്റി പ്രകാശം പരത്തുന്നവരാണ് ഗുരുക്കന്മാർ നമ്മയെ ഉൾക്കൊണ്ട് തിന്മ പുറംതള്ളി നല്ല അറിവുകൾ സ്വീകരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നത് അദ്ധ്യാപകരാണ്.

ഒരു കുട്ടിയുടെ വളർച്ച കാലഘട്ടത്തിൽ ജീവിതത്തിലെ അറിയ സമയവും ചിലവഴിക്കുന്നത് വിദ്യാലയങ്ങളിലാണ്. അധ്യാപകർ ആണ്. വിദ്യാലയ ജീവിതത്തിലെ മാതാപിതാക്കൾ അവർക്ക് മകളെ ഏങ്ങനെ സ്നേഹിക്കാനും ശിക്ഷിക്കാനും അവകാശവും അധികാരവുമുണ്ടോ, അതു പോലെ തന്നെ അദ്ധ്യാപകർക്കും അവകാശമുണ്ട്. ഗുരുക്കന്മാർ ഇടപെടാത്ത വ്യക്തിയുടെ ജീവിതം "കുത്തഴിഞ്ഞ പുസ്തകം പോലെ " ശിഥിലാമായിത്തീരുമെന്നത് ശങ്കിക്കാതെ പറയാൻ ഒരു വ്യക്തിക്ക് കഴിഞ്ഞാൽ അവിടെ

യഥാർത്ഥ ഗുരുശിഷ്യബന്ധത്തിന്റെ പൂർണത ലഭിക്കുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ട സംഭവങ്ങൾ അദ്ധ്യാപകർക്കെതിരെ ഉണ്ടാകുന്നുവെങ്കിലും റോസാപൂവിനെ മറ്റേതു പെരുക്കൊണ്ട് വിളിച്ചാലും അതിന്റെ പരിമളത്തിനും കുറവൊന്നും ഉണ്ടാകില്ല തീർച്ച -അസതോമ: സത്ഗമയാ, തപസോമാ: ജ്യോതിർ ഗമായ...........

# കാറ്റ്

ആൻമോൾ ജോഷി

മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണമാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്ന നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്ന കൂടെ
ഒന്നിച്ചൊരല്പ്പം കളിച്ചുകൂടെ.....
മുല്ലപ്പൂ തല്ലിക്കൊഴിച്ച കാറ്റേ
കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണിയിൽ ഞാനിരിപ്പൂ
എങ്ങുമേ കാണമാനില്ല പക്ഷേ
ഉമ്മ വെയ്ക്കുന്ന നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുകൂടെ
ഒന്നിച്ചൊരല്പ്പം കളിച്ച കൂടെ....

# പുലർകാഴ്ച

അന്ന സജി

കണ്ണിനും കാതിനും ഇമ്പമേകുന്ന
പുലരികാഴ്ചകൾ കണ്ടു ഞാനവിടെ
പലതരം കിളികളുടെ കലപില ശബ്ദങ്ങൾ
ആനന്ദരാഗങ്ങളായി തോന്നി
പുലരിതൻ മുറ്റത്ത് പ്രഭ ചൊരിയാനി
പുലരിതൻ മാനത്തുദിച്ച മാരൻ
മലരിൻ ഇതളിലെ ജലകണങ്ങൾ
വൈരം കണക്കെ മിന്നിനിന്നു
മത്തഭൃംഗങ്ങൾ മധുനുകരാനായി
മൂളിപാട്ടുമായി പാറി എത്തി
പുഴയുടെ കളകള നാദവും കേൾക്കാം
ഇലകളുടെ മർമ്മര ശബ്ദവും കേൾക്കാം
ഏകാന്തതയുടെ മടിതട്ടിലേക്കൊരു
കൊച്ചിളം കാറ്റൊന്നു വീശിയപ്പോൾ
എൻ മനമാകെ കുളിർമയായി
ഇത്ര മനോഹരമാണ് പ്രകൃതി
എന്നറിയാൻ ഞാൻ വൈകിയല്ലോ.....

# കരുണയുള്ള സ്ത്രീ

ആയിഷ സേബ

ഒരു അനാഥനായ ആൺകുട്ടി അവൻ വീട്ട് വിടിറങ്ങി രണ്ട് ദിവസം അവൻ വെള്ളം കുടിച്ചും ആരൊക്കയൊ നൽകിയ ഭക്ഷണവും കഴിച്ചും അവൻ നടന്നു. മൂന്നാം ദിവസം അവൻ ചെറിയ ഗ്രാമത്തിൽ എത്തിച്ചേർന്നു.അവിടെ ധാരാളം കുടിലുകളും കൃഷിസ്ഥലങ്ങളുമുണ്ടായിരുന്നു.അവിടെ ധാരാളം കുടുംബങ്ങളും താമസിച്ചു. ഒരു സ്ത്രീ ഇവനെ കണ്ടു അവർ കുറച്ച്നേരം അവനെ നോക്കി നിന്നു. ശേഷം അവർ അവനെ അടുത്ത് വിളിച്ച് അവനോട് കാര്യങ്ങൾ ചോദിച്ചു.എന്നിട്ട് അവർ ആ കുട്ടിക്ക് വെള്ളവും ഭക്ഷണവും കൊടുത്തു. കൂടാതെ ആ സ്ത്രീ കുട്ടിക്ക് അഭയം നൽകി. അവൻ അവരുടെ പരിപാലനത്തിൽ സതൃപ്തനായി. അവർ അവനെ ഗ്രാമത്തിനടത്തുള്ള സ്കൂളിൽ ചേർക്കുകയും അവർ അവരേകൊണ്ട് പറ്റുന്നത്ര വിദ്യഭ്യാസം അവന് നൽകി. ഇതിനെല്ലാം അവൻ അവർക്ക് കൊടുത്തത് സത്സ്വഭാവവും പഠനമികവുമാണ്. വർഷങ്ങൾക്ക്ശേഷം അവൻ ബിരുദ്ദവും ബിരുദാനന്ദര ബിരുദ്ദവും എടുത്ത് വലിയ ഒരു ഉദ്യോഗസ്ഥനായി. അവന് ചെറുപ്പത്തിൽ അഭയം നൽകിയ സ്ത്രീയേ അവൻ അമ്മയായി കണ്ടു. ജോലി കിട്ടിയ ശേഷം അവൻ അഭയം നൽകിയ സ്ത്രീയേയും അവൻ നോക്കി.

# സന്തോഷത്തിന്റെ മുറിവുകൾ

**നവനീത് കെ. എസ്**

ലൂതർ എന്നെത്തയും പോലെ രാവിലെ എഴുന്നേറ്റു.അൽപ്പം കഴിഞ്ഞ് കണ്ണാടിയിൽ നോക്കിയപ്പോൾ നെറ്റിയിലെ ആ മുറിവ് വീണ്ടും കണ്ടു. എന്നും കാണുമ്പോൾ വേദനയല്ല പകരം സന്തോഷമാണ് തോന്നുന്നത്. ഒരു പാവം കുട്ടിയെ രക്ഷപ്പെടുത്തിയതിനുള്ള സന്തോഷം..

മൂന്നു ദിവസം മുമ്പ് വൈകിട്ട് നടക്കാനിറങ്ങിയപ്പോഴാണിത്. ഒരു കുട്ടിയെ വണ്ടിയിൽ വന്നു തട്ടികൊണ്ടുപോകാൻ ശ്രമിക്കുകയായിരുന്നു ഒരു സംഘം.  കുട്ടിക്ക് ഒൻപത് വയസ്സാണ് ഉള്ളത്. ഒരാൾ കുട്ടിയെ വണ്ടിയിലേക്ക് കേറ്റാൻ ശ്രമിക്കുന്നു. കുട്ടി കൈകളിട്ടടിക്കുകയും രക്ഷപ്പെടാനും  ശ്രമികുന്നുണ്ട് അത്കൊണ്ട് അവർക്ക് പെട്ടന്ന് വണ്ടിയിൽ കയറ്റാൻ കഴിയാത്തെ വന്നു. ആ സമയം ലൂതർ ഓടിവന്നു കുട്ടിയെ വലിച്ചു. അപ്പോൾ അവരിലൊരാൾ ലൂതറിനെ തള്ളി. അത് വഴിയുണ്ടായതാണ് ഈ മുറിവ്. അത് വകവെക്കാതെ പെട്ടന്നു എണീറ്റ് അയാളുടെ മുഖത്ത് ഇടിച്ചു കുട്ടിയെ അവരുടെ അടുത്തുനിന്നു പിടിച്ചു മാറ്റി. അവർ കുട്ടിയെ ഉപേക്ഷിച്ച് വണ്ടിയുമെടുത്ത് പാഞ്ഞു. പിന്നീട് പോലീസ്  സ്റ്റേഷനിൽ പോയി കുട്ടിയെ മാതാപിതാക്കളെ ഏല്പിച്ചിട്ടാണ് ലൂതർ മടങ്ങിയത്. ആ സംഭവത്തെ കുറിച്ച് ഓർക്കുമ്പോൾ ലൂതറുടെ മനസ്സിൽ സ്വയം അഭിമാനം തോന്നാറുണ്ട്



# കൊറോണ കാലം

**കെനസ് ചെറിയാൻ ജിജി**

നമ്മുടെ ലോകത്ത് കൊറോണ തുടങ്ങിയത് 2020 മാർച്ച് പകുതിയാണ് അപ്പോൾ ഞാൻ അഞ്ചാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. മാർച്ച് അവസാനികുന്നതിന് മുമ്പേ സ്കൂൾ അടച്ചു. ടി.വി ന്യൂസ് ചാനലിൽ മുഴുവൻ കൊറൊണ രോഗികളെ പറ്റിയും മരിച്ചവരെപറ്റിയും എല്ലാ ന്യൂസ് ചാനലിലും പറയുന്നുണ്ടായിരുന്നു.കുറെ ജനങ്ങൾ മരിക്കുകയും ചിലവരുടെ രോഗം പോവുകയും ചെയ്യുതു. ഒരിക്കൽ എനിക്കും കൊറോണ പിടിച്ചിരുന്നു ഞാനും ഹോസ്പിറ്റലിൽ രോഗിയായി കിടക്കേണ്ടി വന്നു. എനിക്ക് രോഗം കൂടുതൽ തോന്നിയെങ്കിലും എന്റെ അസുഖം കുറച്ചു ദിവസം കൊണ്ട് പോവുകയും ചെയ്തു. കൊറോണ കാരണം എല്ലാ രാജ്യങ്ങളിലെ ചില കടകൾ തുറക്കുകയും ബാക്കിയുള്ളത്ത് അടച്ചുപൂട്ടുകയും ചെയ്തു . ആൾക്കാർ പുറത്തേക്ക് അനാവശ്യമായി ഇറങ്ങാതെ ഇരിക്കാൻ എല്ലാ രാജ്യത്തും പോലീസ് കൂട്ടങ്ങൾ വിലകുകയും ചെയ്തു................

# ഇത് അവളുടെ ജീവിതം

റിസ്വാന കെ ആർ

അതെ, ഇത് അവളുടെ ജീവിത കഥ.

ഒരു കൊച്ചുഗ്രാമത്തിലാണ് ജനനം. സൂര്യതേജസ്സിലാർന്ന് തിളങ്ങുന്ന മുഖം. ജീവൻ തുടിക്കുന്ന കണ്ണുകൾ. ചുവന്ന ചുണ്ട്. പ്രകൃതിയിലലിയുന്ന കറു കറുത്ത മുടി. അവളുടെ പേര് നീലിമ. അതെ നീലി. ജനിച്ച ആറാം മാസം അമ്മ മരണപ്പെടുന്നു. കച്ചവടാവശ്യത്തിനായി പുറപ്പെടാൻ ഒരുങ്ങുന്ന അച്ഛനെ നോക്കിനിൽക്കുകയാണ് ഞാൻ. എന്ന് ഞാൻ അറിഞ്ഞില്ല, ഇനി ഞാൻ അച്ഛനെ കാണുകയില്ല എന്ന ആ സത്യം. ആ എനിക്ക് ഇന്ന് പതിനേഴ് വയസ് പൂർത്തിയാകുന്നു. രാവിലെ എഴുന്നേറ്റ് കുളിച്ച് അമ്പലത്തിൽ പോയി തൊഴുത് പ്രാർഥിച്ച് നേരെ നടന്നു. അതെ, എന്നെ ആറ്റുനോറ്റ് വളർത്തിയ അമ്മമ്മയുടെ അടുത്തേക്കായി....

അമ്മമ്മയെ കാണാൻ വീട്ടിൽ തിരിച്ചെത്തി. അമ്മമ്മ ഇനിയും എഴുന്നേറ്റില്ല...! അമ്മമ്മേ... രാവിലെ പായസം വെക്കണം എന്ന് പറഞ്ഞയാളാ... ഒരനക്കവും ഇല്ല. അവൾ കാത്തിരുന്നു...! അപ്പോഴാണ് നീലിക്കുട്ടീ... എന്നൊരു വിളി... ആരാത്... ഞാനാ മോളെ പാർവതിചേച്ചി... അമ്മയുടെ ഒരേയൊരു ചേച്ചി.... സ്വന്തമെന്നും ബന്ധമെന്നും പറയാൻ ആകെയില്ല പെങ്ങൾ. നീലിയെ വാരിപ്പുണർന്ന് ചുംബനങ്ങളാൽ മൂടി... കുട്ടികളില്ലാത്ത സങ്കടം പാർവ്വതി നീലിയ്ക്ക് കൊടുക്കുന്ന സ്നേഹത്തിൽ കാണാം. അമ്മയെന്തിയേ.... അമ്മമ്മ എഴുന്നേറ്റില്ല.

ഞാൻ ചന്തയിൽ പോയി കുറച്ചു അടുക്കള സാധനങ്ങൾ വാങ്ങിയിട്ട് വരാം. ഏച്ചി കീറിയിരിക്കുട്ടോ... ചായ മേശമേ വച്ചിട്ടുണ്ട്. ഉമ്മറപ്പടിവാതിലിൽ നിന്ന് നീലി വിളിച്ചു കൂവി. ചന്തയിലേയ്ക്കായി തുള്ളിച്ചാടി പോയി. തിരിച്ചു വരുമ്പോൾ വീട്ടിൽ വലിയ ആൾക്കൂട്ടം. അയൽവാസികൾ കൂടിനിൽക്കുന്നു. എന്നെയും എന്റെ അമ്മമ്മയെയും തിരിഞ്ഞു നോൽക്കാത്ത പാർവതിയേച്ചിയുടെ ഭർത്താവ് തേങ്ങി കരയുന്നു. പാർവതിയേച്ചിയുടെ അലറിവിളികൾ. എവിടെയൊക്കെയോ എന്തൊക്കെയോ മനസ്സിലായ മട്ടിൽ അവൾ അവിടെത്തന്നെ നിന്നു. അവളുടെ മുഖം ആകെ വിളറി.... കാലുകൾ വിറച്ചു വിറച്ചു അവൾ മുന്നോട്ടു നടന്നു.... വെള്ളയിൽ പൊതിഞ്ഞ് അമ്മമ്മ കിടക്കുന്നു.... ചുറ്റിലും ആളുകൾ. അമ്മമ്മയും തന്നെ വിട്ടുപോയി എന്ന് മനസ്സിലായി. അവളുടെ കണ്ണുകളെ ഇരുട്ട് മൂടി. തലയിൽ എന്തോ ഒരു ഭാരം പോലെ നിറഞ്ഞൊഴുകുന്ന കണ്ണുകൾ മങ്ങിത്തുടങ്ങി, അവൾ നേരെ തറയിലേക്ക്.

പിന്നെ അവൾ കണ്ണുകൾ തുറക്കുന്നത് ആശുപത്രി മുറിയിൽനിന്നാണ്. അപ്പുറത്തെ മുറിയിൽ നിന്ന് കേൾക്കുന്ന ശബ്ദം അവൾ ശ്രദ്ധിക്കുന്നു. ഒരു കർട്ടന്റെ മറയാണ് അവിടെയുള്ളത്. അവൾ ശ്രദ്ധിച്ചു. ഇത്രയും ചെറിയ പൈസയ്ക്ക് ആര് അമ്മയെ ഏറ്റെടുക്കാനാ...! മാസം ഇരുപതിനായിരം കൊടുക്കാം. ഒരു ഹോം നഴ്സിനെ വേണം, ഇതാണവരുടെ പ്രശ്നം. പക്ഷേ ആ ഹോം നഴ്സ് അവരുടെ വീട്ടിൽ താമസിക്കുകയും വേണം.

ഇത് കേൾക്കേണ്ട താമസം നീലിമ കർട്ടൻ വലിച്ചുനീക്കി. എന്നിട്ട് അവരോട് പറഞ്ഞു. " ഞാൻ വന്നാൽ മതിയോ. " അവിടം നിശബ്ദമായി. അതിൽ അമ്മയുടെ രണ്ട് മക്കളിൽ ഒരുത്തൻ പറഞ്ഞു. " ആ മതി" മറ്റൊരുത്തൻ, എന്നാൽ ഇന്ന് തന്നെ വന്നോളൂ. അയ്യോ അതു പറ്റില്ല, ഒരാഴ്ചയ്ക്ക് ശേഷമേ വരുകയുള്ളൂ. രണ്ട് മക്കളും അമ്മയും അത് സമ്മതിച്ചു. ആ അമ്മയ്ക്ക് ആക്സിഡന്റ് ആയതാണ്. നടക്കാൻ സാധിക്കില്ല. മക്കൾക്ക് ജോലിക്കും പോകണം. രണ്ടും ആൺമക്കളാണ്. വീടും അഡ്രസ്സും നീലിയ്ക്ക് പറഞ്ഞുകൊടുത്തു. അപ്പോൾ അവൾക്ക് മനസ്സിലായി അത് അവൾ പഠിക്കുന്ന സ്കൂളിന്റെ കുറച്ച് ദൂരെയുള്ള വീടാണ്. അതാവുമ്പോ സ്കൂളിൽ പോയി അവിടെത്തന്നെ നിന്ന് പഠിക്കാം. ആ നിബന്ധന അവർക്കും സമ്മതമാണ് ( അമ്മയ്ക്കും മക്കൾക്കും). നീലിമ ഇങ്ങനെയൊരു കാര്യത്തിനായി പുറപ്പെട്ടത് ഒരു മഹാസത്യം തിരിച്ചറിഞ്ഞിട്ടാണ്. അവളുടെ അമ്മയുടെ ചേച്ചി പാർവതിയെയുംകൊണ്ട് അവളുടെ ഭർത്താവ് നാടുവിട്ടു. അവൾ നേരെ അവളുടെ വീട്ടിൽ പോയി. ഒരു സഞ്ചിയിൽ അവളുടെ വസ്ത്രവും ആവശ്യമായ സാധനങ്ങളും എടുത്തു. അമ്മമ്മയുടെ മരണാനന്തര ക്രിയകൾക്ക് ശേഷം ഹോം നഴ്സ് എന്ന ജോലി മനസ്സിൽ ലക്ഷ്യമാക്കി ആ അഡ്രസ്സിൽ അവൾ നടന്നു. അവിടെ ജോലി ചെയ്ത് പഠിച്ച് അവൾ അങ്ങനെ വളർന്നു.

ഇന്ന് അവൾ ഒരു പരീക്ഷയ്ക്കായി പോകുന്നു. ടീച്ചർ ആവുക എന്ന തന്റെ ആഗ്രഹത്തെ നിറവേറ്റാൻ പരീക്ഷയും ട്രെയിനിങ്ങും. എല്ലാം കഴിഞ്ഞ് ഇന്ന് അവൾ ടീച്ചറായി ജോലിക്ക് കയറുന്നു. തന്റെ ജീവിതമാർഗമായ ഹോം നഴ്സ് ജോലിക്ക് നിന്ന ജാനകിയമ്മയുടെ വീട്ടിൽ പോയി അനുഗ്രഹവും വാങ്ങി ഇവിടുത്തെ ജോലിക്കായി മറ്റൊരു സ്ത്രീയെ ഏൽപ്പിച്ച് എന്നന്നേക്കുമായി പടിയിറങ്ങി. എല്ലാവരുടെയും കണ്ണൊന്ന് നനഞ്ഞെന്നാലും അവൾ ജാനകിയമ്മയ്ക്ക് വാക്കുകൊടുത്തു. ഇടയ്ക്കിടെ കാണാൻ വരുമെന്ന്.

ജീവിതാഗ്രഹമായ ആ ജോലിയിലവർ മതിമറന്നു. അധ്യാപിക എന്ന നല്ലൊരു കർമ്മത്തിൽ അവൾക്ക് വിജയം തന്നെയായിരുന്നു.

അവളങ്ങനെ അവളുടെ കഥ എഴുതിക്കഴിഞ്ഞിരിക്കുന്നു. പാതിവരച്ചിട്ട മനോഹരചിത്രം പൂർത്തിയാക്കിക്കൊണ്ട് ,

എന്ന് നീലിമ

# സംരക്ഷിക്കാം പ്രകൃതിയെ

എലിന മരിയ സോജൻ

ശൂന്യമായിരുന്ന നമ്മുടെ ഭൂമിയെ മനോഹരമായ പൂക്കളാലും മരങ്ങളാലും വർണ്ണപ്പകിട്ടുകളാലും സമ്പന്നമാക്കുന്ന ദൃശ്യമനോഹരിയാണ് പ്രകൃതി. പ്രകൃതി നമ്മുടെ ജീവന്റെ തുടിപ്പും ജീവസ്രോതസ്സുമാണ്. പ്രകൃതിയുടെ സൗന്ദര്യമാണ് ഓരോ ദിവസവും നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ഭൂമി നമ്മുടെ അമ്മയും മാതൃസ്നേഹത്താൽ നമ്മെ പരിപോഷിപ്പിക്കുന്നവളുമാണ്. ഭൂമിയോട് ചേർന്നൊഴുകുന്ന പുഴകളും അരുവികളും നമ്മുടെ കൊച്ചുപ്രകൃതിയുടെ മനോഹാരിത വർദ്ധിപ്പിക്കുന്നു.

എന്നാൽ പ്രകൃതിയുടെ ഭാവവും പ്രകൃതിയുടെ സൗന്ദര്യവും ക്ഷണികമാണ്. പ്രകൃതിയ്ക്കും പ്രകൃതിയുടെ മനോഹാരിതയ്ക്കും ക്ഷതമേൽപ്പിക്കാൻതുനിഞ്ഞിറങ്ങിയ പ്രകൃതിവിരുതർ ഏഴിഞ്ഞാടികൊണ്ടിരിക്കുന്ന കാലമാണിത്. പ്രകൃതിയുടെ പച്ചപ്പും മനോഹാരിതയും വർദ്ധിപ്പിക്കുന്ന ഇലകളും ചെടികളും വൃക്ഷങ്ങളും വെട്ടിമുറിച്ച് പ്രകൃതിയെ വേദനിപ്പിക്കുകയും പ്രകൃതിയുടെ ക്രോധം വർദ്ധിപ്പിക്കുകയും പ്രകൃതിയുടെ ശാന്തവും മനോഹരവുമായ ഭാവത്തിന് മാറ്റം വരുത്തുകയും ആണ് മനുഷ്യർ ചെയ്യുന്നത്. പൂക്കളാലും മരങ്ങളാലും വനങ്ങളാലും സമ്പന്നമായ നമ്മുടെ പ്രകൃതിക്ക് ശാന്തമായ ഒരു മുഖം മാത്രമല്ല മനുഷ്യശരീരം പിച്ചിചീന്തുന്ന മറ്റൊരു മുഖം കൂടിയുണ്ട്. മനുഷ്യർ പ്രകൃതിയ്ക്കെതിരെ തിരിയുമ്പോഴും പ്രകൃതിയെ നശിപ്പിക്കുവാൻ തുനിയുമ്പോഴും പ്രകൃതിയ്ക്കും നമ്മെ നശിപ്പിക്കുവാനും കഴിയും എന്നും ചിലർ മറക്കുന്നു. അതിന് ഉത്തമമായ ഉദാഹരണമാണ് 2018-ലെ മനുഷ്യജീവനുകൾ ക്രൂരമായി നശിപ്പിച്ച പ്രളയം. കേരളത്തെ ഒന്നടക്കം കണ്ണീർ കുടിപ്പിച്ച ചില മറക്കാനാവാത്ത ദിവസങ്ങളായിരുന്നു അവ. കുറേയേറെ മനുഷ്യർ ജീവനുവേണ്ടി പിടയുന്നതും നാം കണ്ടു. അനേകം മനുഷ്യശരീരം പിച്ചിചീന്തുന്ന കാളിയുടെ വേഷമാടുകയായിരുന്നു പ്രകൃതി. പ്രകൃതിയ്ക്ക് മനുഷ്യനില്ലാതെ ഈ ഭൂമിയിൽ തുടരാൻ സാധിക്കും എന്നാൽ പ്രകൃതിയില്ലാതെ മനുഷ്യൻ എന്നത് അസാധ്യമായ കാര്യമാണ്.

പ്രകൃതി നമ്മുടെ അമ്മയാണ്. ഇനിയും ഇത്തരത്തിലുള്ള ഒരനുഭവം ഉണ്ടാകാതിരിക്കാനും 2018-ൽ നാം കണ്ട പ്രളയവും മറ്റെല്ലാം ഒരോർമ്മയായി മാത്രം മാറാനും നമുക്ക് പരിശ്രമിക്കാം. പ്രകൃതിയെ അമ്മയായും മാതൃത്വം കനിഞ്ഞുനിൽക്കുന്നവളായും കണ്ട് പ്രകൃതിയെ സംരക്ഷിക്കാൻ നമുക്കൊന്നിച്ച് പ്രയത്നിക്കാം.



# അച്ഛൻ

അൽഫോൻസ ബെന്നി

പൈതലാം എന്നെ ആദ്യമായി
കയ്യിലെടുത്ത മാത്രയിൽ
പുഞ്ചിരി തൂകിയവൻ
ആദ്യ കാലടികൾ പതറിയപ്പോൾ
ഞാനാം പൈതലിനെ കൈപിടിച്ചു നടത്തിയവൻ.
എന്റെ തെറ്റുകളിൽ ദേഷ്യത്തിൻ
തൻ മുഖംമൂടിക്കുള്ളിലൂടെ തിരുത്തുന്നവൻ
എൻ സങ്കടങ്ങളിൽ എന്നിലെ എന്നെ
കാണാൻ ശ്രമിക്കുന്നവൻ
എൻ നേട്ടങ്ങൾ തൻ വെളിച്ചത്തിൽ
എന്നും ഒരു നിഴലായി നിന്നവൻ
എൻ അച്ഛൻ.

# മലയാള ഭാഷ

ജോസ്‌ലിയ ഫ്രാൻസിസ്

മലയാളമെന്നത് നമ്മുടെ മാതൃഭാഷയാണ്. നമ്മുടെ അമ്മയും മാതൃ സ്നേഹം നൽകുന്നവരുമാണ്. ഒരു മലയാളി എന്നാൽ മലയാളത്തെ സ്നേഹിക്കുകയും, അതിന്റെ ആദ്യ അക്ഷരങ്ങൾ പഠിക്കുകയും, അതിനു അറിയുകയും സനേഹിക്കുകയും ചെയ്യുന്നവരായിരിക്കണം വെറും അൻപത്തി ആറ് അക്ഷത്തിൽ ഒതുങ്ങുന്നതല്ല മലയാള. അതിന്റെ വാക്കുകൾ ആശയമായും ആശയം വരികളായും വരികൾ ലേഖനവും ആത്മകഥയും ഒക്കെയായി മാറുന്നു. മലയാളം എന്ന വാക്ക് വെറും നാല് അക്ഷരമല്ല എന്നതാണ് സത്യം. മലയാളത്തെ സ്നേഹിക്കുന്നവരുടെ ഏറ്റവും വലിയ ഉദാഹരണമാണ് കവികളും, സാഹിത്യകാരൻമാരും. ഒരു കവിത രചിക്കണമെങ്കിൽ ഒരു കവിക്ക് മലയാളം അറിയണം, മലയാളം അറിയുക എന്നത് അതിനെ സ്നേഹിക്കുക എന്നതാണ്. പല കവികളും മലയാളികളെയും അമ്മയായ മലയാളത്തെപറ്റിയും കുറേ കവിതകളിൽ പറയുന്നു. അമ്മയ്ക്ക് തുല്യമാണ് മലയാളം. കേരളീയ ഭാഷയാണ് മലയാളം. പ്രാചീന കവിത്രയത്തിൽ പ്രമുഖനാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. അദ്ദേഹമണ് മലയാള ഭാഷയുടെ പിതാവ്. ആധുനിക കവിത്രയമായി മലയാള ഭാഷയിൽ അറിയപ്പെടുന്ന മൂന്നു പേരാണ് ആശാൻ, ഉള്ളൂർ, വള്ളത്തോൾ അതുപോലെ തന്നെ പ്രാചീന കവികളായി അറിയപ്പെടുത്തത് കുഞ്ചൻ നമ്പ്യാർ, എഴുത്തച്ഛൻ, ചെറുശ്ശേരി എന്നവരാണ്.

മലയാള ഭാഷയെ അറിയുവാനും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും കഴിയുക എന്നതാണ് ഒരു മലയാളി ആയിരിക്കുക എന്നതിന്റെ ഏറ്റവും മഹത്തായ സൗഭാഗ്യം. ഒരു മലയാളി താൻ മലയാളിയാണ് എന്നതിൽ അഭിമാനം കൊള്ളുന്നതാണ് ഏറ്റവും പ്രധാനമായതും ശ്രേഷ്ഠവുമായ കാര്യം

# അവൾ

**അലീന തോമസ്**

ആരെന്ന് അറിയാത്ത ഒരു പെൺകുട്ടി. അവളുടെ പേര് ജാനകി എന്നായിരുന്നു. അവൾക്കു ഒരു അമ്മാവൻ മാത്രം. അമ്മാവന്റെ ഭാര്യക്കും മക്കൾകും അവളെ ഇഷ്ടമല്ലായിരുന്നു. ആട്ടും തുപ്പും കേട്ടു അവൾ വളർന്നു. അവൾ പഠിക്കാൻ പോകാൻ തുടങ്ങി അങ്ങനെ അവൾ നന്നായി പഠിച്ചു. ഒരു ദിവസം അവൾക്ക് അവളുടെ പഠനത്തിനുള്ള സമ്മാനം കിട്ടി . അവൾ അത് തന്റെ അമ്മാവനെ കാണിക്കാനായി കടയിലേക്ക് പോയി. അത് കാണിച്ചു അവൾ സന്തോഷത്തോടെ അവളുടെ വീട്ടിലേക്ക് പോയി. പക്ഷേ അവിടെ അത് ആർക്കും ഇഷ്ടപ്പെട്ടില്ല . അപ്പോൾ അവളുടെ കയ്യിലെ സമ്മാനങ്ങളും പുസ്തകങ്ങളുമെല്ലാം അവർ തീയിട്ട് കത്തിച്ചു. പിന്നെ അവിടുത്തെ ആൾക്കാരുടെ പെരുമാറ്റം കാരണം അവളുടെ പഠിത്തം മുടങ്ങി . അങ്ങനെ അവിടുത്തെ വേലക്കാരിയെയെന്നപോലെ അവളോടു പെരുമാറാൻ തുടങ്ങി . തന്റെ അമ്മ ഒരാളുടെകൂടെ ഒളിച്ചോടി. അത് ഒരു എഴുത്തുകാരനായതുകൊണ്ട് വീട്ടിലെ ആളുകളെ അക്ഷരവിരോധികളാക്കി. അതിനാൽ അവൾ തന്റെ അമ്മാവനറിയാതെ ദിയയെന്ന തൂലികനാമത്തിൽ എഴുതുവാൻ തുടങ്ങി. ഒരു കൂട്ടുകാരിവഴി പുസ്തകം പ്രിന്റുകാർക്ക് കൈമാറാൻ തുടങ്ങി. അങ്ങനെ അവളെ കാണാതെതന്നെ അവൾക്ക് ആരാധകർ കൂടാൻ തുടങ്ങി. പക്ഷേ ഒരു ദിവസം തന്റെ അമ്മാവന്റെ മകൾ അത് കണ്ടുപിടിച്ചു. ജാനകിയെ ഇഷ്ടമില്ലാത്ത അവൾ ജാനകിയെ എങ്ങനെ പുറത്താക്കും എന്ന ചിന്തയിലായിരുന്നു. അവൾക്കു അപ്പോളാണ് അത് മനസ്സിലായത്. അപ്പോൾത്തന്നെ അവൾ ജാനകിയെ പിടികൂടി ബ്ലാക്ക്മെയിൽ ചെയ്യാൻ തുടങ്ങി. പിന്നെ അവൾ തന്റെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചു. പക്ഷേ അവളുടെ ജീവിതം ഇനിയും ബാക്കിയുണ്ടായിരുന്നു. അവളെ കൂട്ടുകാർ പിന്തിരിപ്പിച്ചു. അവളുടെ മനസ്സിൽ തോന്നിയത് ഒരു മാർഗം മാത്രം. ആ വഴി ഇതായിരുന്നു . അമ്മാവന്റെ മകളാണ് ദിയ എന്ന് ലോകത്തിന്റെ മുന്നിൽ വെളിപ്പെടുത്തുക അങ്ങനെ അമ്മാവന്റെ മകൾ പ്രശസ്തി നേടി. അങ്ങനെ അവൾക്ക് പ്രശസ്തി നേടാൻ അവൾ അവളെ സ്നേഹിക്കൻ തുടങ്ങി പക്ഷേ അമ്മാവന്റെ ഭാര്യയും മരുമകളും അമ്മയും അവളെ വേദനിപ്പിക്കുന്നത് തുടർന്നു. അപ്പോഴും അവളുടെ ജീവിതത്തിൽ വേദനകൾ മാത്രം. . . . . . . . . . . . .

# നിർമിത ബുദ്ധി

നെവിൻ നോബിൾ

AI നിർമ്മിക്കാനുള്ള മനുഷ്യന്റെ പ്രവർത്തനം കമ്പ്യൂട്ടറുകൾ വരുന്നതിനു മുൻപ് തന്നെ തുടങ്ങിയവയാണ് മനുഷ്യന്റെ ബുദ്ധിയെ പോലെ പ്രവർത്തിക്കുന്ന യന്ത്രങ്ങളാണ് എ ഐ മിഷനുകൾ എ ഐ മിഷനുകൾ ചുറ്റുപാടിൽ നിന്ന് കാര്യങ്ങൾ മനസ്സിലാക്കുകയും അതുവച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവയാണ് ഇപ്പോൾ കണ്ടുപിടിച്ച എ ഐയ്ക്കും പരിമിതികളുണ്ട് അവയ്ക്ക് മനുഷ്യനെ പോലെ ചുറ്റുപാടുകൾ നിരീക്ഷിച്ച് വിലയിരുത്താനും അത് വെച്ച് പ്രവർത്തിക്കാനും സ്വന്തമായി ചിന്തിച്ച് തീരുമാനമെടുക്കാനും സാധ്യമല്ല ജോൺ എം സി കാർത്തിയാണ് എഐയുടെ പിതാവ് എ ഐ എന്നാൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ ബുദ്ധിയെ അനുകരിക്കുന്ന യന്ത്രങ്ങളോ സോഫ്റ്റ്‌വെയറുകളോ ആവാം പൈത്തൺ, ജാവ സ്ക്രിപ്റ്റ്,ഗോ, ജൂലിയ പോലെയുള്ള പ്രോഗ്രാമിംഗ് ഭാഷകളിലാണ് നിർമ്മിക്കുന്നത് അത് പ്രോഗ്രാമിംഗ് ലാംഗ്വേജ് ഉപയോഗിച്ചും നിർമ്മിക്കാൻ സാധിക്കും AI കൊണ്ടാണ് പല സെർച്ച് എഞ്ചിനും പ്രവർത്തിക്കുന്നത് AIയെ കൊണ്ട് പല ഉപയോഗങ്ങളുണ്ട് ഉദാഹരണത്തിന് കാലാവസ്ഥ പ്രവചനം കവിതകളും സംഗീതങ്ങളും നിർമ്മിക്കാനാകും അങ്ങനെ കുറെ ഗുണങ്ങൾ AI കാരണം കുറെ നഷ്ടങ്ങളും ഉണ്ട് ഉദാഹരണത്തിന് AIഉപയോഗിച്ചുള്ള തട്ടിപ്പുകൾ കുറെ ജോലി സാധ്യതകൾ കളയുന്നു ഇതൊക്കെയാണ് ദോഷങ്ങൾ കാരണം ഐടിയിൽ കൂടുതൽ കഴിവുള്ളവർക്ക് വേണ്ടി കുറെയേറെ ജോലി സാധ്യതകൾ വന്നു AIകാരണം പുതിയ സാധ്യതകൾ ആണ് വരുന്നത് എഐയെ വളർത്തി മനുഷ്യർക്ക് ഉയർച്ച ഉണ്ടാക്കാം കാരണം മനുഷ്യന്റെ ജീവിതം വളരെയേറെ എളുപ്പമാകും AI വികസിപ്പിച്ചെടുത്താൽ മനുഷ്യനെ കുഴപ്പിക്കുന്ന പ്രശ്നങ്ങൾ വളരെ എളുപ്പത്തിൽ പരിഹരിക്കാൻ കഴിയും AI <if then> എന്ന കോഡുകൾ ഉപയോഗിച്ചാണ് സാധ്യമാകുന്നത് ഇത് ഇന്ന് വളരെയേറെ വളർന്നു കഴിഞ്ഞിരിക്കുന്നു നാം സംസാരിക്കുന്ന ഭാഷ ശൈലി ഉപയോഗിച്ച സംസാരിക്കുന്നു, കൊടുക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ചിത്രം, പാട്ട് എന്നിവ രചിക്കുന്ന AI മിഷനുകൾ ഉപയോഗിച്ച് വളരെ എളുപ്പത്തിൽ കടുപ്പമേറിയ ജോലികൾ ചെയ്യാൻ സാധിക്കും. എല്ലാ ജോലികളും AI ഉപയോഗിച്ച് ചെയ്യാൻ സാധ്യമല്ല ഇതുവരെ കണ്ടുപിടിച്ച AI കൊണ്ട് അമിതവേഗത്തിലാണ് ടെക്നോളജി വളർന്നുകൊണ്ടിരിക്കുന്നത്. അത് AI കാരണം കൂടുതൽ ശക്തിപ്പെടും AIപലതരത്തിലുണ്ട് ഒന്ന് റിയാക്ടീവ് മിഷൻ ഈ എഐക്ക് മെമ്മറിയില്ല മുൻകാല അനുഭവങ്ങൾ വെച്ച് പ്രവർത്തിക്കാൻ സാധിക്കുകയില്ല രണ്ടാമത്തേത് നാം പറയുന്ന കാര്യങ്ങൾ വെച്ച് സ്വയമായി ചിന്തിച്ച് നാം പറയുന്ന പ്രവർത്തി ചെയ്യുന്നവയാണ് എഐയുടെ തുടക്കം 1956ൽ ആയിരുന്നു AIപലതൊഴിൽ മേഖലകളെ കീഴടക്കും എങ്കിലും AIകൊണ്ട് അതിലേറെ ഉപയോഗങ്ങളും ഗുണങ്ങളും ഉണ്ട്.

# രാജകുമാരനും മായക്കുതിരയും

ഒരിടത്ത് ഒരു രാജാവും രാജ്ഞിയും ഉണ്ടായിരുന്നു. അവർക്ക് ഒരു രാജകുമാരനും ഉണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോൾ റാണിക്ക് ഒരു മാരകരോഗം പിടിപെട്ടു. മരുന്നുകൾ പലതും കഴിച്ചു. ഒരു കുറവും ഉണ്ടായില്ല.

ഒരു ദിവസം രാജാവ് വന്നപ്പോൾ റാണി ദുഃഖിതയായിരിക്കുന്നത് കണ്ടു. എന്താണ് ദുഃഖത്തിന് കാരണം എന്ന് രാജാവ് ചോദിച്ചു. അപ്പോൾ റാണി പറഞ്ഞു ഞാൻ ഒരു സ്വപ്നം കണ്ടു. ഒരു മരത്തിൽ ഒരു തള്ളക്കിളിയും മക്കളും താമസിക്കുകയായിരുന്നു. ആ തള്ളക്കിളി ചത്തുപോയി. അപ്പോൾ ആൺ കിളി വേറെയൊരു കിളിയെ കൂട്ടിക്കൊണ്ടുവന്നു വന്ന കിളി ചെറിയ കിളികളെ ഓരോന്നായി കൊത്തി കൊത്തി താഴോട്ട് ഇട്ടു. ഇത് കേട്ട് രാജാവ് പറഞ്ഞു ഞാൻ ഒരിക്കലും വേറെ വിവാഹം ചെയ്യില്ല.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ റാണി മരിച്ചുപോയി രാജാവും രാജകുമാരനും രാജകുമാരന്റെ മായ കുതിരയും തനിച്ചായി. കുറെനാൾ കഴിഞ്ഞപ്പോൾ രാജകുമാരൻ പറഞ്ഞു അച്ഛൻ വേറെ വിവാഹം കഴിക്കണം. അങ്ങനെ രാജാവ് ഒരു റാണിയെ കൊണ്ടുവന്നു. പക്ഷേ റാണിക്ക് രാജകുമാരനെ ഇഷ്ടമല്ലായിരുന്നു അവർ എപ്പോഴും രാജകുമാരനെ ഉപദ്രവിച്ചു.

ഒരു ദിവസം രാജകുമാരന്റെ ഭക്ഷണത്തിൽ വിഷം കലർത്തി കഴിക്കുവാൻ കൊടുത്തു. അപ്പോൾ മായ കുതിര രാജകുമാരനോട് പറഞ്ഞു ഇത് കഴിക്കരുത് അതിൽ വിഷം ഉണ്ട്. രാജകുമാരൻ കുറച്ച് ഭക്ഷണം പൂച്ചയ്ക്ക് കൊടുത്തു പൂച്ച ചത്തുപോയി. അതിനുശേഷം കുമാരൻ വളരെ ശ്രദ്ധിച്ചാണ് ജീവിച്ചത്. അപ്പോ റാണിക്ക് മനസ്സിലായി അവനെ കൊല്ലണമെങ്കിൽ മായ കുതിരയെ കൊല്ലണം അതിന് റാണി ഒരു അടവ് പ്രയോഗിച്ചു. കൊട്ടാരവൈദ്യനെ വിളിച്ചുവരുത്തി റാണി പറയുന്നതുപോലെ പറയണം അപ്പോൾ വലിയ ഒരു പാരിതോഷികമായി തരും. അങ്ങനെ വൈദ്യൻ രാജാവിനോട് പറഞ്ഞു. റാണിക്ക് മഹാരോഗമാണ് അസ്ഥികൾ പൊടിഞ്ഞു പോകുന്ന രോഗം ആണ്. അതിനു മായ കുതിരയുടെ കരള് കഷായം വെച്ചു കഴിച്ചാൽ അസുഖം മാറും. ഇത് കേട്ട രാജാവ് ഭടന്മാരെ പലസ്ഥലങ്ങളിലും അന്വേഷിക്കാൻ വിട്ടു. പക്ഷേ മായ കുതിരയെ ഒരിടത്തും കിട്ടിയില്ല. അപ്പോൾ രാജാവ് അതീവ ദുഃഖിതനായി മകനോട് പറഞ്ഞു. മായ കുതിരയുടെ ചങ്കും കരളും എടുത്ത് അമ്മയെ രക്ഷിക്കാം ഇത് കേട്ട് കുമാരൻ പറഞ്ഞു. ഞാൻ കളരിയിൽ പോയി വരുന്നതിനുമുമ്പ് കുതിര മൂന്നുപ്രാവശ്യം കരഞ്ഞാൽ ഞാൻ വരുന്നതിനുമുമ്പ് കൊല്ലാമെന്ന് പറഞ്ഞു.

പിറ്റേദിവസം രാജകുമാരൻ കളരിയിൽ പോയി കുതിര മൂന്നു പ്രാവശ്യം കരഞ്ഞപ്പോൾ കുമാരൻ പുസ്തകങ്ങൾ എടുത്തുവച്ചു. രണ്ടാമത്തെ പ്രാവശ്യം കുതിര കരഞ്ഞപ്പോൾ ആശാനെ ഞാൻ പോവുകയാണ് എന്ന് പറഞ്ഞു .ഒറ്റ ഓട്ടത്തിന് കുതിരയുടെ അടുത്തെത്തി കുതിരയുടെ പുറത്ത് കയറി കൊട്ടാരത്തിന് മൂന്നു പ്രാവശ്യം വലം വെച്ചു പിന്നെ ദൂരെ ദൂരെ ദൂരെ ഓടിപ്പോയി.

കുറെ നാളുകൾക്കു ശേഷം രാജകുമാരൻ തൻറെ മായ കുതിരയുടെ പുറത്ത് യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ അവന് ദാഹിച്ചു. ദൂരെ ഒരു വീട് കണ്ടു തന്റെ കുതിരയെ ഒരു മരത്തിൽ കെട്ടിയിട്ട് അവിടേക്ക് ചെന്നു. അവിടെ ഒരു വൃദ്ധ ഇരിപ്പുണ്ടായിരുന്നു രാജകുമാരൻ അവനോട് കുടിക്കുവാൻ ഇച്ചിരി വെള്ളം ചോദിച്ചു. അവര് വെള്ളം കൊടുത്തു വെള്ളം കുടിച്ച ശേഷം രാജകുമാരൻ അവിടെ കുറച്ച് സമയം ഇരുന്നു. അപ്പോൾ ആ സ്ത്രീ പുറകുവശത്തുകൂടി ഇറങ്ങിപ്പോയി

അവർ ഒരു നരഭോജി ആയിരുന്നു. അപ്പോൾ മായക്കുതിര രാജകുമാറിന് മുന്നറിയിപ്പ് നൽകി രാജകുമാരൻ മുറിയിൽ കയറി നോക്കിയപ്പോൾ കുറെ കുപ്പികൾ കൂട്ടിയിട്ടിരിക്കുന്നത് കണ്ടു. ഒന്ന് വെള്ളക്കുപ്പി, വള്ളിക്കുപ്പി ,തീക്കുപ്പി, മഞ്ഞു കുപ്പി ,എല്ലാം എടുത്ത് അടുത്ത മുറിയിൽ വലിയ ഒരു കുളം .അതിൽ വെട്ടി തിളങ്ങുന്ന വെള്ളമായിരുന്നു രാജകുമാരൻ അതിൽ ഇറങ്ങി മുങ്ങി. അപ്പോൾ അയാൾ ഒരു സ്വർണം മനുഷ്യനായി മാറി. കുമാരൻ വേഗം തൻറെ കുതിരയുടെ പുറത്ത് കയറി അപ്പോഴേക്കും രാക്ഷസിയും സംഘവും എത്തി പുറകെ ചെന്നു. ആദ്യം രാജകുമാരൻ വള്ളിക്കുപ്പി യെടുത്ത് എറിഞ്ഞു. വള്ളിക്കെട്ടിനകത്ത് കുരുങ്ങിയ അവർ വീണ്ടും പുറകെ ചെന്നു. അപ്പോൾ വെള്ളക്കുപ്പിയും അവരുടെ നേരെ എറിഞ്ഞു. അതും കടന്ന് അവർ പുറകെ എത്തി അപ്പോൾ തീ കുപ്പി എടുത്ത് എറിഞ്ഞു. വീണ്ടും അവർ രക്ഷപ്പെട്ട് എത്തി അപ്പോൾ മഞ്ഞു കുപ്പി എടുത്ത് എറിഞ്ഞു. മഞ്ഞിൽ അവരെ കാണാൻ സാധിച്ചില്ല അവർ രക്ഷപ്പെട്ടു. ഒരു കരടിയുടെ തൊലി പുതച്ചാണ് രാജകുമാരൻ യാത്ര ചെയ്തത് അപ്പോൾ അവിടെ ഒരു കൊട്ടാരത്തിലെ രാജകുമാരിയുടെ സ്വയംവരം നടക്കുകയായിരുന്നു. ഒരു പ്രാവിനെ പറപ്പിച്ചു വിടും .പ്രാവ് ആരുടെ ദേഹത്ത് ഇരിക്കുന്നുവോ അവനാണ് വരൻ . ആദ്യം പ്രാവ് രാജകുമാരന്റെ ദേഹത്ത് ഇരുന്നു. കരടി തോൽ പുതച്ച രാജകുമാരനെ ആർക്കും ഇഷ്ടപ്പെട്ടില്ല. മൂന്നുപ്രാവശ്യവും രാജകുമാറിന്റെ അടുത്ത് തന്നെ പ്രാവ് വന്നു. അങ്ങനെ രാജകുമാരന്റെ വിവാഹം നടന്നു. രാജകുമാരിയെയും രാജ്യത്തിൻറെ പകുതിയും രാജകുമാരന് കിട്ടി. ഒരു ദിവസം രാജകുമാരൻ കുളിക്കാൻ പോയപ്പോൾ കരടി തൊലി എടുത്തു വച്ചു അത് രാജകുമാരി കണ്ടു. ഒരു സ്വർണ മനുഷ്യൻ. കുമാരിക്ക് സന്തോഷമായി. രാജകുമാരിയുടെ ചേച്ചി എപ്പോഴും അവളെ കളിയാക്കുമാരുന്നു. കരടി തോലുള്ളവൻ അല്ലേ നിൻറെ ഭർത്താവ് എന്ന് പറഞ്ഞു. അപ്പോൾ രാജകുമാരി സത്യം പറഞ്ഞു ഇത് കേട്ടപ്പോൾ ചേച്ചിക്കും അങ്ങനെ ആകാൻ മോഹം . എങ്ങനെയാണ് ഇതുപോലെ ആകേണ്ടത് എന്ന് ചോദിച്ചു അപ്പോൾ രാജകുമാരൻ ഒരു ഭസ്മം എടുത്ത് അത് വെട്ടിത്തിളയ്ക്കുന്ന വെള്ളത്തിലിട്ട് അതിൽ ഇറങ്ങി കുളിച്ചാൽ മതി എന്നു പറഞ്ഞു. അവർ അതുപോലെ ചെയ്തു വെള്ളത്തിൽ ഇറങ്ങിയതും അയ്യോ എന്ന് പറഞ്ഞ് ചാടിക്കയറി അവരുടെ ദേഹം മുഴുവൻ പൊള്ളി.

"അത്യാഗ്രഹത്തിന്റെ ഫലം ആപത്താണ്"....

# ഉത്തമ പുരുഷൻ

പ്രസാദം വദനത്തിങ്കൽ
കാരുണ്യം ദർശനത്തിലും
മാധുര്യം വാക്കിലും
ചേർത്തുള്ളവൻ പുരുഷോത്തമൻ.

വർഷത്തിലും കാരുണ്യമായ ചൂടിലും
മൃദുവായിലും മഹാന്മാരുടെ ചിത്തത്തെ അറിഞ്ഞിടുകതാരോ
ചൂട്ടെരിച്ച് പിടി ചീടിൽ കടൽവെള്ളം തിളയ്ക്കുമോ
ക്ലേശ ദേശം സഹിച്ചീടാൻ ഉത്തമൻ തന്നെ പുരുഷോത്തമൻ.....

# ആധുനിക ലോകം

സ്റ്റീവാന സ്റ്റീഫൻ

മാലിന്യങ്ങൾ കവിഞ്ഞുപോങ്ങി പുഴകൾ മലിനമായി തുടങ്ങി
മരങ്ങൾ വെട്ടിനീക്കി വനങ്ങൾ അപ്രത്യക്ഷമായി തുടങ്ങി
വിഷപുകകൾ ശ്വസിച്ച് മത്സ്യജീവജാലങ്ങൾ ചത്തൊടുങ്ങി
തമ്മിൽ തല്ലി മനുഷ്യർ ചോര പുഴകളിൽ മുങ്ങി
വിടരേണ്ട പൂവായ് യുവത്വങ്ങൾ അകാലങ്ങളിൽ പൊലിഞ്ഞു തുടങ്ങി
മാതാപിതാക്കളുടെ രോദനങ്ങൾ വൃദ്ധസദനത്തിൻ്റെ നാലുചുമരിനുള്ളിലൊതുങ്ങുന്നു
ആൾദൈവങ്ങളാൽ ദൈവത്തിൻ്റെ സ്ഥാനമാനങ്ങൾ തട്ടിയെടുക്കപ്പെടുന്നു
പുരോഗമനവാദികൾ നരബലിക്കും ആത്മഹത്യകൾക്കും അടിമയാക്കപ്പെടുന്നു
ആധുനിക ലോകത്തിൽ നാം നമ്മുക്ക് തന്നെ എതിരായി
എന്താണ് നാം എന്നു നമ്മൾ തന്നെ വിസ്മരിക്കുന്ന കാലം
തെറ്റിന്റെ ആഴക്കടലിൽ കരകാണാതെ നമ്മൾ കയ്യിട്ടടിക്കുന്നു
ഇതിൽ നിന്നു നാം കരകേറുമോ മുങ്ങിച്ചാകുമോ
ഇത് ചോദ്യചിഹ്നം പോലെ നമ്മുക്ക് മുന്നിൽ ഉയർന്നു നിൽകുന്നു

# കമ്പ്യൂട്ടറിന്റെ ചരിത്രം

ഷാരോൺ ഷിബിൻ

ഇന്നു നമ്മൾ കാണുന്ന ഈ കമ്പ്യൂട്ടറിന്റെ ചരിത്രത്തെക്കുറിച്ച് ഒന്ന് തിരിഞ്ഞു നോക്കിയാലോ ചാൾസ് ബാബേജ് എന്ന ഇംഗ്ലീഷ് മെക്കാനിക്കൽ എൻജിനീയറിന്റെ തലയിൽ ആണ് കമ്പ്യൂട്ടർ എന്ന ആശയം ഉണ്ടായത് എന്നാൽ അന്ന് ഇത് വിവരങ്ങൾ സൂക്ഷിക്കാനും സംസ്കരിച്ചെടുക്കുവാനും ഉള്ള ഒരു ഇലക്ട്രോണിക് ഉപകരണമായിരുന്നു പിന്നീട് അതിനെ മെച്ചപ്പെടുത്തി പക്ഷേ ഇടയിൽ വെച്ച് ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന്റെ പദ്ധതി നിർത്തലാക്കാൻ തീരുമാനിച്ചു പിരിച്ചുവിട്ടു പിന്നീട് അദ്ദേഹത്തിന്റെ മകൻ

ഹെന്നറി ബാബേജ് 1888 -ൽ വിശകലന എഞ്ചിൻ തയ്യാറാക്കി അതിന് മിൽക്ക് എന്ന പേര് നൽകി അങ്ങനെ പിന്നീട് വളരെ വേഗത്തിൽ ജോലികൾ തീരാനും മറ്റുമായി രണ്ടാം തലമുറയും പിന്നെ ഇലക്ട്രോണിക് സർക്യൂട്ടിന്റെ അടിസ്ഥാനത്തിലും പിന്നെ ഇന്റർ വർക്ക് ഉപയോഗവും നടപ്പിലാവുകയും ചെയ്തു അങ്ങനെ അവസാനമാണ് ഇത്രയും പ്രത്യേകതകൾ ഉള്ള ഇന്ന് ലഭ്യമായ കമ്പ്യൂട്ടറുകളുടെ തുടക്കം

# അമ്മ

ദേവിക മനോജ്

സ്നേഹമാണ് അമ്മ

കരുതലിൽ ഉറവിടമാണ് അമ്മ

തൻ മക്കൾക്കുവേണ്ടി സ്വയം കത്തിജ്വലിക്കുന്ന തീയാണ് അമ്മ

നന്മയുടെ പാതയിൽ എന്നെ നയിച്ച

ഗുരുനാഥയാണെനിക്കമ്മ

എന്റെ നിഴലിനും ഒരു കാവലാളായിരുന്നമ്മ

ജീവിതപ്പാതയിലെ കനൽവഴികൾ

നേരിടാൻ ആശ്യാസമാണെന്റെയമ്മ

ജീവിതത്തിലെ ആദ്യ ശബ്ദം

ആയിരുന്നു എൻ്റെ അമ്മ

ഇനിയൊരു ജീവിതമുണ്ടായാൽ

ആ അമ്മയുടെ വയറ്റിൽ പിറക്കുന്നതെൻ പുണ്യം....

# മരം

എൻ മരച്ചില്ലകൾ ഇലകളാൽ  നിറഞ്ഞിരിക്കുന്നു.

അത് പൂക്കുന്നു  തളിർക്കുന്നു ,

കായിക്കുന്നു. പക്ഷികൾ എൻ ശാഖയിൽ ചേക്കേറുന്നു

ഇളം കാറ്റിൽ    ആടിതിമർക്കുന്നു

മരച്ചില്ലകൾ പുഞ്ചിരിക്കുന്നു കിളികൾ സന്തോഷിക്കുന്നു

# ആനയും അണ്ണാനും

റിയ ജിജിമോൻ

പണ്ട് ഒരു കാട്ടിൽ ഒരു ആനയുണ്ടായിരുന്നു. ഒരു ദിവസം ആന കുളിക്കുകയായിരുന്നു. അപ്പോൾ എവിടെ നിന്നോ ചിൽ ചിൽ എന്ന ശബ്ദം കേട്ടു. ആന ചുറ്റും നോക്കി അവിടെയെങ്ങും ആരെയും കണ്ടില്ല. വീണ്ടും ആ ശബ്ദം കേട്ട ആന പിന്നെയും നോക്കിആരെയും കണ്ടില്ല അപ്പോൾ അതാ തൊട്ടു അപ്പുറത്തെ മരക്കൊമ്പിൽ ഒരു ചെറിയ അണ്ണാൻ ഇരിക്കുന്നു. അണ്ണാൻ ആനയെ നോക്കി ചിൽ ചിൽ എന്ന ശബ്ദം ഉണ്ടാക്കി അപ്പോൾ ആനയ്ക്ക് ചിരി വന്നു. അന്നേരം അണ്ണാൻ ചോദിച്ചു എന്തിനാ എന്നെ നോക്കി ചിരിക്കുന്നത്. അപ്പോൾ ആന പറഞ്ഞു പിന്നെ ഇത്രയും ചെറിയ നീ ഇത്രയും വലിയ എന്നെ നോക്കി ചിൽ ചിൽ എന്ന് ശബ്ദം ഉണ്ടാക്കി പേടിപ്പിക്കാൻ നോക്കുമ്പോൾ ചിരി വരാതെ ഇരിക്കുമോ. ഞാൻ ഒന്ന് അലറിയാൽ എവിടെ വരെ എന്റെ ശബ്ദം കേൾക്കും എന്നറിയാമോ? പക്ഷേ നീ ഇങ്ങനെ ശബ്ദം ഉണ്ടാക്കിയാൽ അപ്പുറത്തെ പുഴ വരെ കേൾക്കുമോ. അതുകേട്ട് അണ്ണാന് വാശിയായി അണ്ണാൻ പറഞ്ഞു നിന്നെക്കാളും വലിയ കാര്യം എനിക്ക് ചെയ്യാൻ പറ്റും. അപ്പോൾ ആന പരിഹസിച്ചുകൊണ്ട് ചോദിച്ചു ഇത്രയും വലിയ എനിക്ക് ചെയ്യാൻ പറ്റാത്ത എന്ത് കാര്യമാണ് നിനക്ക് ചെയ്യാൻ പറ്റുക. എങ്കിൽ വാ നിനക്ക് കാണിച്ചു തരാം എന്ന് അണ്ണാൻ പറഞ്ഞു എന്നിട്ട് അവർ രണ്ടുപേരും കൂടി ഒരു വലിയ മരത്തിന്റെ ചുവട്ടിൽ എത്തി. എന്താണെങ്കിലും ആദ്യം ഞാൻ ചെയ്യാം എന്ന് ആന പറഞ്ഞു. എങ്കിൽ നീ ഈ മരത്തിന് ഏറ്റവും മുകളിൽ കയറണമെന്ന് അണ്ണാൻ പറഞ്ഞു ആന സമ്മതിച്ചു. എന്നിട്ട് മരം കേറാൻ ശ്രമിച്ചു പക്ഷേ ആനയ്ക്ക് കയറാൻ പറ്റിയില്ല. ആന നാണംകെട്ട് തല കുനിച്ചു നിന്നു അണ്ണാൻ ചോദിച്ചു എന്താ നിനക്ക് കയറാൻ പറ്റുന്നില്ലേ. ഞാൻ കയറി കാണിച്ചു തരാം എന്നിട്ട് ഒറ്റ ഓട്ടത്തിന് ആ മരത്തിന്റെ ഏറ്റവും ഉയരത്തിൽ എത്തി. എന്നിട്ട് ആ മരത്തിന്റെ പഴങ്ങൾ പറിച്ച് തലയിലേക്ക് എറിഞ്ഞു. എന്നിട്ട് വിളിച്ചു ചോദിച്ചു നീയല്ലേ പറഞ്ഞത് നിനക്ക് ചെയ്യാൻ പറ്റാത്ത ഒരു കാര്യവും ഇല്ലെന്ന് . അണ്ണാൻ ആനയെ കളിയാക്കി. ഇത് കേട്ട് ദേഷ്യം വന്ന ആന ദേഷ്യത്തോടെ പറഞ്ഞു ഇറങ്ങി വാടാ എനിക്കും ഉണ്ട് ഒരു പന്തായം നിനക്ക് സമ്മതമാണോ. ശരി എന്ന് അണ്ണാൻ പറഞ്ഞു. എങ്കിൽ നമുക്ക് ആദ്യം ഇവിടെ നിന്ന് പുഴയ്ക്ക് അരികിൽ എത്താം. എന്നിട്ട് അവർ പുഴക്കരയിൽ എത്തിച്ചേർന്നു ആന പറഞ്ഞു. നീ ഈ പുഴ നീന്തി അപ്പുറത്ത് എത്തണം. അണ്ണാൻ സമ്മതിച്ചു. എന്നിട്ട് നീന്താൻ തുടങ്ങി കുറച്ചുനേരം കഴിഞ്ഞപ്പോൾ അണ്ണാന് നീന്താൻ പറ്റാതായി അവൻ ഒഴുക്കിൽ പെട്ടു. എന്നിട്ട് രക്ഷിക്കണേ രക്ഷിക്കണേ എന്ന് പേടിച്ചു കരയാൻ തുടങ്ങി. ഇത് കേട്ട് ആന വേഗം ചെന്ന് രക്ഷിച്ചു. എന്നിട്ട് ആ പുഴ കടന്ന് അപ്പുറത്ത് എത്തിച്ചു. അപ്പോള് തെറ്റ് മനസ്സിലായ അണ്ണാൻ ആനയോട് മാപ്പ് ചോദിച്ചു. പിന്നീട് അവർ നല്ല സുഹൃത്തുക്കളായി മാറി

ഗുണപാഠം : വലുപ്പ ചെറുപ്പത്തിൽ അല്ല കാര്യം അത് നമ്മുടെ കഴിവിലും ബുദ്ധിയിലും സാമർത്ഥ്യത്തിലും ആണ്

“നട്ടും നനച്ചും വളർത്തി
ചിലരെനിക്കീ ജന്മം നൽകിയത്
നടാതെയും നനയാതെയും വളർന്നവരാണ്”
അറിവായി,തിരിച്ചറിവായി മാറുന്നു
**ഞങ്ങൾക്കും പറയുവാനുണ്ട്** എന്ന
ഈ ഡിജിറ്റൽ മാഗസിൻ

